#PERSONAL FINANCE




# ക്രെഡിറ്റ് കാർഡ്

## ഉപയോഗവും, ഉപകാരങ്ങളും

ഡോ. വിമൽ കുമാർ വി.

# ക്രെഡിറ്റ് കാർഡ്

ഉപയോഗവും, ഉപകാരങ്ങളും.

ഡോ. വിമൽ കുമാർ വി.

Title: Credit card (Malayalam)
Author: Vimal Kumar V.
Copyright © Vimal Kumar V., 2023
ISBN: 978-93-5914-841-0

Publisher: Vimal Kumar V.
Chennakattu House, Vazhappally West
Changanassery-686 560, Kerala.

This work is licensed under a
Creative Commons Attribution-NonCommercial-ShareAlike 4.0 International
https://creativecommons.org/licenses/by-nc-sa/4.0/

You are free to:

**Share** — copy and redistribute the material in any medium or format.
**Adapt** — remix, transform, and build upon the material.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

**Attribution** — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner but not in any way that suggests the licensor endorses you or your use.

**NonCommercial** — You may not use the material for commercial purposes.

**ShareAlike** — If you remix, transform, or build upon the material, you must distribute your contributions under the same license as the original.

“Money is a terrible master but an excellent servant”

P.T. Barnum

**ഡോ. വിമൽ കുമാർ വി.**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ലൈബ്രറി പ്രൊഫഷണൽ ആയി പ്രവർത്തിച്ചു വരുന്നു. വൈജ്ഞാനിക ആശയവിനിമയം (Scholarly communication), ഓപ്പൺ ആക്സസ് (Open Access), സ്വതന്ത്ര സോഫ്റ്റ്‌വെയർ (Free Software) എന്നിവയിലെ മാറ്റങ്ങൾ നിരീക്ഷിക്കുന്നതിൽ തല്പരനാണ്. വിവിധവിഷയങ്ങൾ പ്രതിപാദിക്കുന്ന ഏതാനും ബ്ലോഗുകൾ എഴുതുന്നുണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രചാരണത്തിലും സജീവമാണ്. ലൈബ്രറി കമ്പ്യൂട്ടർവൽക്കരണത്തിനു ഉപയോഗിക്കുന്ന കോഹ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കെടുത്തു വരുന്നു. മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ബിരുദവും, കേരള സർവകലാശാലയിൽ നിന്ന് ലൈബ്രറി & ഇൻഫർമേഷൻ സയൻസിൽ ബിരുദാനന്തര ബിരുദം, കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പിജി ഡിപ്ലോമ, യുജിസി നെറ്റ് നേടിയിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ ഗവേഷണബിരുദം പൂർത്തിയാക്കി. വിവിധ പ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അനേകം അന്താരാഷ്ട്ര-ദേശീയ സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി താലൂക്കിൽ വാഴപ്പള്ളിയാണ് സ്വദേശം. വെബ് സൈറ്റ് മേൽവിലാസം: http://vimalkumar.info

## ആമുഖം

ഡിജിറ്റൽ സാമ്പത്തിക വിനിമയ സംവിധാനങ്ങൾ ജീവിതശൈലിയിൽ വളരെയധികം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഡിജിറ്റൽ ഇടപാടുകൾ സമയലാഭത്തിനുപരി, സാമ്പത്തിക ലാഭവും നൽകുന്നു. ഇലക്ട്രോണിക് ഇടപാടുകൾക്കും, സേവനങ്ങൾ ഉപയോഗിക്കുന്നതിനും ക്രെഡിറ്റ് കാർഡ് മികച്ച സൗകര്യങ്ങളാണ് നൽകുന്നത്. മത്സരാധിഷ്ഠിതമായ വിപണി ഉപഭോക്താവിന് ധാരാളം നേട്ടങ്ങൾ നൽകുന്നുണ്ട്. നേട്ടങ്ങളെ കൃത്യസമയത്തു ഉപയോഗപ്പെടുത്തുന്നതിന് മികച്ച പണവിനിമയ ഉപാധിയാണ് ക്രെഡിറ്റ് കാർഡ്.

ദൈനംദിന ചെലവുകളെ കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള സാമ്പത്തിക ഉപാധികൾ സുഗമമായ ജീവിതത്തിനു ആവശ്യമാണ്. യൂപിഐ, ഡെബിറ്റ് കാർഡ് എന്നീ പ്രീപെയ്ഡ് സാദ്ധ്യതകൾ അക്കൗണ്ടിൽ പണം ഉണ്ടെങ്കിൽ മാത്രമേ ഉപയോഗിക്കാനാവൂ. പാചകവാതകം, വൈദ്യുതി, വെള്ളം, ഇൻഷുറൻസ്, വിദ്യാഭ്യാസ ചെലവുകൾ, വാടക എന്നിവയുടെ അടവുകൾ മുടങ്ങിയാൽ ജീവിതം സ്തംഭിക്കുന്ന അവസ്ഥയിൽ എത്തിച്ചേരും. പണം കടമായി കിട്ടാനുള്ള സാമ്പത്തിക ഉപാധിയാണ് ക്രെഡിറ്റ് കാർഡ്. അപ്രതീക്ഷിതമായി വരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളെ സമർത്ഥമായി നേരിടാൻ ക്രെഡിറ്റ് കാർഡ് മതിയാവും. പണം കൈയിൽ ഇല്ലാത്തപ്പോഴും ദൈനംദിന ചെലവുകൾ തടസ്സമില്ലാതെ നടത്താൻ സഹായിക്കുമെന്നതാണ് ക്രെഡിറ്റ് കാർഡ് കൊണ്ടുള്ള പ്രധാന മെച്ചം. ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ധനവിനിമയം നടത്തുമ്പോൾ ധാരാളം ഇളവുകളും, സൗജന്യങ്ങളും ലഭിക്കും. സാമ്പത്തിക അടിയന്തിരാവസ്ഥയുള്ള സമയങ്ങളിൽ ക്രെഡിറ്റ് കാർഡ് വളരെ ഉപകാരപ്പെടും. സമർത്ഥമായി ഉപയോഗിച്ചാൽ സാമ്പത്തിക ലാഭം നേടിത്തരും ക്രെഡിറ്റ് കാർഡ്.

ഈ പുസ്തകം എഴുതാൻ വേണ്ടി വിവരങ്ങൾ പ്രധാനമായും ശേഖരിച്ചത് ക്രെഡിറ്റ് കാർഡുകളുടെ വെബ്സൈറ്റുകൾ, കേരള ക്രെഡിറ്റ് കാർഡ് കമ്മ്യൂണിറ്റി ഫേസ്ബുക്ക് ഗ്രൂപ്പ്, മണി മലയാളം യൂട്യൂബ് ചാനൽ എന്നിവടങ്ങളിൽ നിന്നാണ്. ഇതിനും പുറമേ, വിവിധ ബാങ്കുകളുടെ പത്തോളം ക്രെഡിറ്റ് കാർഡുകൾ ഒരു വർഷത്തോളം ഉപയോഗിക്കുകയും ചെയ്തു.

വിവിധയിനം ക്രെഡിറ്റ് കാർഡുകൾ, അനുയോജ്യമായ കാർഡ് തിരഞ്ഞെടുക്കേണ്ട വിധം, അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഉപയോഗിക്കേണ്ട വിധം, പ്രയോജനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ലളിതമായി വിവരിക്കുന്നു.

ഉള്ളടക്കത്തെ സംബന്ധിച്ച് സമഗ്രത ഞാൻ അവകാശപ്പെടുന്നില്ല, എന്നിരുന്നാലും വായനക്കാരുടെ അഭിപ്രായങ്ങൾ കേട്ട ശേഷം ഉള്ളടക്കം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കുമെന്ന വിശ്വാസമുണ്ട്. ഈ പുസ്തകത്തെ സംബന്ധിച്ച നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ഈ പറയുന്ന ഇമെയിലിലോ, vimalibre@gmail.com വാട്ട്സ് ആപ്പിലോ (9846496323) അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജൂൺ 2023 ഡോ. വിമൽ കുമാർ വി.
ചങ്ങനാശ്ശേരി

*ഈ പുസ്തകത്തിന്റെ ഉള്ളടക്കം വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമുള്ളതാണ്,*
*എന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ ചേർക്കുകയും ചെയ്തിട്ടുണ്ട്.*
*വേണ്ടത്ര പഠനങ്ങൾക്ക് ശേഷം മാത്രം നിങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്ക്*
*അനുയോജ്യമായ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുക.*

# ഉള്ളടക്കം


എന്താണ് ക്രെഡിറ്റ് കാർഡ് 1

- എന്താണ് ക്രെഡിറ്റ് കാർഡ്? 1
- ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് നടത്താവുന്ന ഇടപാടുകൾ 1
- ക്രെഡിറ്റ് കാർഡ് ഉപയോഗം കൊണ്ടുള്ള മെച്ചങ്ങൾ 2

ക്രെഡിറ്റ് കാർഡുകളുടെ ചരിത്രം 4

- ഇന്ത്യയിലെ ക്രെഡിറ്റ് കാർഡുകളുടെ ചരിത്രം 4

ക്രെഡിറ്റ് കാർഡ് തിരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ 6

- ക്രെഡിറ്റ് കാർഡിന്റെ ആവശ്യകത 6
- ക്രെഡിറ്റ് കാർഡ് ചാർജുകൾ 6
- ഓഫറുകൾ 6
- ക്യാഷ് ബാക്ക്/റിവാർഡ് 6
- ക്രെഡിറ്റ് ലിമിറ്റ് 7
- തവണ വ്യവസ്ഥ 7
- പേയ്മെന്റ് നെറ്റ്‌വർക്ക് 7
- ബിൽ അടക്കാനുള്ള സൗകര്യം 7
- കാർഡ് ആപ്പ്, വെബ്സൈറ്റ് 8

ക്രെഡിറ്റ് കാർഡ് അപേക്ഷ നൽകേണ്ട വിധം 9

- ക്രെഡിറ്റ് കാർഡ് ആർക്കൊക്കെ ലഭിക്കും 9
- ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കേണ്ട വിധം 9
- ക്രെഡിറ്റ് കാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ 9
- ക്രെഡിറ്റ് സ്കോർ ലഭിക്കുന്നതെങ്ങിനെ 10
- ക്രെഡിറ്റ് കാർഡ് കിട്ടാൻ എത്ര ദിവസമെടുക്കും? 10
- ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യുന്ന വിധം 11
- ക്രെഡിറ്റ് കാർഡുകളുടെ ഫീസ് 11

ക്രെഡിറ്റ് സ്കോർ 12

- സിബിൽ സ്കോർ പരിശോധിക്കുന്ന വിധം 12
- ക്രെഡിറ്റ് സ്കോർ ഇല്ലാത്തവർ എന്ത് ചെയ്യണം 12
- മികച്ച ക്രെഡിറ്റ് സ്കോർ നിലനിർത്താൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 13

ക്രെഡിറ്റ് ലിമിറ്റ് 14

- ഷെയേർഡ് ലിമിറ്റ് 14
- ക്രെഡിറ്റ് ലിമിറ്റ് എങ്ങിനെ ഉയർത്താം 14

വിവിധതരം ക്രെഡിറ്റ് കാർഡുകൾ 16

- ലൈഫ് ടൈം ഫ്രീ കാർഡുകൾ 16
- വെർച്വൽ ക്രെഡിറ്റ് കാർഡ് 17
- ആഡ് ഓൺ കാർഡ് 17
- ഒന്നിലധികം കാർഡുകൾ എടുക്കുന്നത് അനുവദനീയമാണോ? 17

ഇന്ധന കാർഡ് 18

- ഇന്ധന സർചാർജ് 18
- ഇന്ധന കാർഡിന്റെ പ്രയോജനങ്ങൾ 18

റുപേ കാർഡുകൾ 19

- എന്താണ് റുപേ പേയ്മെന്റ് നെറ്റ്‌വർക്ക് 19

റൂപേ ക്രെഡിറ്റ് കാർഡുകളുടെ മെച്ചങ്ങൾ 19
റൂപേ ക്രെഡിറ്റ് കാർഡുകൾ എങ്ങിനെ ലഭിക്കും? 20
പ്രമുഖ റൂപേ ക്രെഡിറ്റ് കാർഡുകൾ 20
കാർഡ് കമ്പനികളുടെ വരുമാനം 22
ഫീസുകൾ 22
പലിശ 22
മെർച്ചന്റ് ഫീസ് 22
ബ്രാൻഡുകളുമായുള്ള സഹകരണം 22
ക്രെഡിറ്റ് കാർഡുകളുടെ തിരിച്ചടവ് 23
എത്ര ദിവസത്തേക്കാണ് ക്രെഡിറ്റ് കാർഡ് പണം കടം നൽകുന്നത്? 23
ക്രെഡിറ്റ് കാർഡ് ബിൽ 23
ക്രെഡിറ്റ് കാർഡ് ബിൽ തുക എങ്ങിനെയാണ് അടക്കേണ്ടത്? 23
ക്രെഡിറ്റ് കാർഡ് വഴി ചെലവാക്കിയ തുക മുൻകൂറായി അടക്കാൻ സാധിക്കുമോ? 24
ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് കൊണ്ട് ക്രെഡിറ്റ് കാർഡ് ബിൽ അടക്കാൻ പറ്റുമോ? 24
ബിൽ തുക അടച്ചില്ലെങ്കിൽ എന്ത് സംഭവിക്കും? 24
ക്രെഡിറ്റ് കാർഡ് ബിൽ അടക്കാൻ പണമില്ല, എന്ത് ചെയ്യും? 24
ക്രെഡിറ്റ് കാർഡ് തവണ വ്യവസ്ഥ 26
ക്രെഡിറ്റ് കാർഡ് തവണ വ്യവസ്ഥ പ്രവർത്തിക്കുന്നതെങ്ങിനെയാണ് 26
പലിശ രഹിത ഇഎംഐ 26
ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 26
ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യുന്ന വിധം 28
ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യേണ്ട വിധം 28
സുരക്ഷിതമായ കാർഡ് ഉപയോഗം 29
ക്രെഡിറ്റ് കാർഡ് സുരക്ഷിതമാക്കാനുള്ള മുൻകരുതലുകൾ 29

# എന്താണ് ക്രെഡിറ്റ് കാർഡ്

ഭൂരിഭാഗം പേരുടേയും വരുമാനത്തിൽ കുത്തനെ വർദ്ധനയുണ്ടാകുന്നില്ല. അതേ സമയം ദൈനംദിന ചെലവുകൾ അടിക്കടി വർദ്ധിക്കുകയും ചെയ്യുന്നു. ദിവസ-മാസ വരുമാനക്കാരെ സംബന്ധിച്ചു പണം വരുന്നതും, ചെലവാകുന്നതും ദ്രുതഗതിയിലാണ്. ശമ്പള ദിനങ്ങൾ കഴിഞ്ഞാൽ വിവിധ ആവശ്യങ്ങൾക്ക് ബന്ധുക്കളോടും, സുഹൃത്തക്കളോടും പണം കടം വാങ്ങേണ്ടി വരുന്നത് വിഷമകരമാണ്. അവരും സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ടാവും. ഒഴിവാക്കാനാവാത്ത ദൈനംദിന ചെലവുകളെ കാര്യക്ഷമമായി കൈകാര്യം ചെയ്യാനുള്ള സാമ്പത്തിക ഉപാധികൾ കണ്ടെത്തേണ്ടത് സുഗമമായ ജീവിതത്തിനു ആവശ്യമാണ്.

ബില്ലുകൾ, നിത്യോപയോഗ സാധനങ്ങൾ, മറ്റു അത്യാവശ്യ വസ്തുക്കൾ എല്ലാം തന്നെ ഡിജിറ്റൽ പണമിടപാടിലൂടെ നടത്താൻ കഴിയും. ഇലക്ട്രോണിക് വിനിമയം കൂടി വരുന്ന ഇക്കാലത്തു പണം ഫലപ്രദമായി കൈകാര്യം ചെയ്യാൻ നിരവധി ഉപാധികളുണ്ട്. യൂപിഐ, ഡെബിറ്റ് കാർഡ് എന്നീ പ്രീപെയ്ഡ് സാദ്ധ്യതകൾ വ്യാപകമായി ഉപയോഗിച്ച് വരുന്നു. അക്കൗണ്ടിൽ പണം ഉണ്ടെങ്കിൽ മാത്രമേ പ്രീപെയ്ഡ് രീതിയിലുള്ള സങ്കേതങ്ങൾ ഉപയോഗിക്കാനാവൂ. പാചകവാതകം, വൈദ്യുതി, വെള്ളം, ഇൻഷുറൻസ്, തുടങ്ങിയ അടവുകൾ മുടങ്ങിയാൽ ജീവിതം സ്തംഭിക്കുന്ന അവസ്ഥയിൽ എത്തിച്ചേരും. ഇത്തരം അവസരങ്ങളിൽ സാമ്പത്തിക ബുദ്ധിമുട്ടിനെ സമർത്ഥമായി നേരിടാൻ ക്രെഡിറ്റ് കാർഡ് മതിയാവും. അതേ സമയം, ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ധനവിനിമയം നടത്തുമ്പോൾ ധാരാളം ഇളവുകളും, സൗജന്യങ്ങളും ലഭിക്കും.

## എന്താണ് ക്രെഡിറ്റ് കാർഡ്?

പണം കടമായി  കിട്ടാനുള്ള ഒരു സാമ്പത്തിക ഉപാധിയാണ് ക്രെഡിറ്റ് കാർഡ്. സാധാരണ ഗതിയിൽ കാർഡ് ഉടമയുടെ മാസ വരുമാനത്തിന്റെ രണ്ടോ, മൂന്നോ ഇരട്ടിയായിരിക്കും കടമായി ലഭിക്കുന്ന പണത്തിന്റെ പരിധി. സാധാരണ ബാങ്ക് ലോണിൽ നിന്നും വ്യത്യസ്തമാണ്  ക്രെഡിറ്റ് കാർഡ്. ലോണിനു അപേക്ഷിക്കുമ്പോൾ ഓരോ തവണയും അപേക്ഷയും, ഈടും നൽകണം. ക്രെഡിറ്റ് കാർഡ് ലഭിക്കാൻ ഒറ്റ തവണ മാത്രം അപേക്ഷയും, വരുമാനം തെളിയിക്കുന്ന രേഖകളും നൽകിയാൽ മതിയാവും, തുടർച്ചയായി പണം കടം കിട്ടും. ഡെബിറ്റ് കാർഡിന് സമാനമായ പ്ലാസ്റ്റിക് കാർഡും ബാങ്കിൽ നിന്നും ലഭിക്കും. ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് പിഒഎസ് (Point of Sale) മെഷീനുകളിൽ സ്വൈപ്പ് ചെയ്യാം, ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിൽ കാർഡ് വിവരങ്ങൾ നൽകി ഇടപാടുകൾ നടത്താം.

ബാങ്കിന്റെ ലോഗോ, കാർഡ് നെറ്റ്‌വർക്ക് ലോഗോ, കാർഡ് നമ്പർ, കാലാവധി, കാർഡ് ഉടമയുടെ പേര്, എന്നീ വിവരങ്ങൾ കാർഡിന്റെ പുറത്തു ആലേഖനം ചെയ്തിട്ടുണ്ടാവും.

## ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് നടത്താവുന്ന ഇടപാടുകൾ

ജീവിത ചെലവുകളെല്ലാം ഡിജിറ്റൽ പണമിടപാട് നടത്തി കൈകാര്യം ചെയ്യാവുന്ന കാലത്താണ് നമ്മൾ ജീവിക്കുന്നത്. താഴെ പറയുന്ന ജീവിത ചെലവുകൾ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചു അടക്കാവുന്നതാണ്.

**ബില്ലുകൾ:** വൈദ്യുതി, ഇന്റർനെറ്റ്, വെള്ളം, ഇൻഷുറൻസ്, വീട്ടുവാടക, സ്കൂൾ ഫീസ് എന്നിവ സൗകര്യപ്രദമായി അടക്കാം.

**വിനോദ ഉപാധികൾ:** സിനിമ ടിക്കറ്റ് സജന്യമായോ, വിലയിൽ ഇളവുകളോടു കൂടിയോ വാങ്ങാൻ ക്രെഡിറ്റ് കാർഡ് സഹായിക്കും. നെറ്റ് ഫ്ലിക്സ് പോലെയുള്ള ഒടിടി മാസ വരിസംഖ്യ തനിയെ അടഞ്ഞു പോകുന്നതിന് ക്രെഡിറ്റ് കാർഡ് ആപ്പിൽ ചേർത്താൽ മതിയാവും.

**ഷോപ്പിംഗ്:** പിഒഎസ് മെഷീൻ വ്യാപകമായതോടെ, കടകളിൽ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് ഇടപാടുകൾ നടത്താം. ക്രെഡിറ്റ് കാർഡ് സ്വീകരിക്കപ്പെടും എന്നതാണ് ഓൺലൈൻ ഷോപ്പിങ്ങിന്റെ പ്രധാന ആകർഷണം. സാധനങ്ങൾ വാങ്ങിയ ശേഷം തവണകളായി അടക്കുന്ന രീതി കൂടുതൽ പ്രചാരത്തിലായത് ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളുടെ വരവോടു കൂടിയാണ്.

**യാത്ര:** ട്രെയിൻ, ബസ്, വിമാന ടിക്കറ്റുകൾ യാത്ര കാർഡുകൾ ഉപയോഗിച്ചു ഇളവുകളോടെ ടിക്കറ്റുകൾ ബുക്ക് ചെയ്യാം. ഇന്ധനം വാങ്ങുന്നതിനും ക്രെഡിറ്റ് കാർഡുകൾ സഹായകരമാണ്.

**മൊബൈൽ റീചാർജിങ്:** മുൻകാലങ്ങളിൽ കടകളിൽ നിന്നാണ് മൊബൈൽ റീചാർജിങ് നടത്തിയിരിന്നതെങ്കിൽ, ഓഫറുകൾ അറിഞ്ഞു ഓൺലൈൻ ചാർജിങ് നടത്താം.

**പാചകവാതക ബുക്കിംഗ്:** പാചകവാതക കമ്പനിയുടെ വെബ്സൈറ്റ് വഴിയോ, മൊബൈൽ ആപ്പുകൾ വഴിയും പാചകവാതക ബുക്കിംഗ് വേഗത്തിൽ നടത്താം.

**ഗിഫ്റ്റ് കാർഡുകൾ:** ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളുടെ ഗിഫ്റ്റ് കാർഡ് വാങ്ങി ബന്ധുക്കൾക്കും, സുഹൃത്തുക്കൾക്കും സമ്മാനമായി നൽകാൻ ക്രെഡിറ്റ് കാർഡ് അനുയോജ്യമാണ്.

**ഡിജിറ്റൽ വാലറ്റ്:** ഡിജിറ്റൽ രൂപത്തിൽ പണം സൂക്ഷിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് ഡിജിറ്റൽ വാലറ്റ്. മൊബൈൽ വാലെറ്റുകൾക്കാണ് പ്രചാരം കൂടുതൽ. ക്രെഡിറ്റ് കാർഡ്, ബാങ്ക് അക്കൗണ്ടുകളിൽ നിന്നും വാലറ്റിലേക്കു മാറ്റാവുന്നതാണ്. ഇടപാടുകൾ നടത്താൻ മൊബൈൽ വാലറ്റിൽ നിന്നും വേഗം പണം കൈമാറ്റം ചെയ്യാൻ സാധിക്കും. പേടിഎം, സൊമാറ്റോ, ഇന്ത്യൻ റെയിൽവേയുടെ യുടിഎസ് ആപ്പുകളിൽ വാലറ്റ് സൗകര്യമുണ്ട്.

## ക്രെഡിറ്റ് കാർഡ് ഉപയോഗം കൊണ്ടുള്ള മെച്ചങ്ങൾ

പണം കയ്യിൽ ഇല്ലാത്തപ്പോഴും ദൈനംദിന ചെലവുകൾ തടസ്സമില്ലാതെ നടത്താൻ സഹായിക്കുമെന്നതാണ് ക്രെഡിറ്റ് കാർഡ് കൊണ്ടുള്ള പ്രധാന മെച്ചം. ഉദാഹരണമായി, വീട്ടിലെ മിക്സി, ഫ്രിഡ്ജ് പോലെയുള്ള ഉപകരണങ്ങൾ നന്നാക്കിയെടുക്കാൻ ആവാത്ത വിധം കേടാകുന്നു. ഉപകരണം വേഗം വാങ്ങിയില്ലെങ്കിൽ വീട്ടു ജോലികൾ തടസ്സപ്പെടും എന്ന ഘട്ടത്തിൽ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഉപകരണം വാങ്ങാവുന്നതാണ്. ആരോഗ്യ, മോട്ടോർ ഇൻഷുറൻസുകൾ കൃത്യ സമയത്തു അടച്ചില്ലെങ്കിൽ വലിയ വില നൽകേണ്ടി വരും. സാമ്പത്തിക അടിയന്തിരാവസ്ഥയുള്ള സമയങ്ങളിൽ ക്രെഡിറ്റ് കാർഡ് വളരെ ഉപകാരപ്പെടും. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആശുപത്രി ചെലവുകൾക്ക് പണം സമാഹരിക്കാൻ പണയം വെക്കുകയോ, കടം വാങ്ങുകയോ ചെയ്യുന്നതിന് സാവകാശം കിട്ടുകയില്ല. അടിയന്തിര ആശുപത്രി ചെലവുകൾ നിറവേറ്റാൻ ക്രെഡിറ്റ് കാർഡ് മതിയാവും.

ക്രെഡിറ്റ് കാർഡ് ലഭിക്കുമ്പോൾ തന്നെ വിവിധ തുകയുടെ (ഉദാ. 500, 1000) ഷോപ്പിംഗ് ഗിഫ്റ്റ് വൗച്ചറുകൾ ഉപഭോക്താവിന് നൽകാറുണ്ട്.

ഓരോ ഇടപാട് നടത്തുമ്പോഴും കിട്ടുന്ന ഇളവുകളാണ് പ്രധാന ആകർഷണം. ഉദാഹരണമായി, വിവിധതരം ബില്ലുകൾ അടയ്ക്കുമ്പോൾ 1 മുതൽ 5 ശതമാനം വരെ ഇളവ് വിവിധ കാർഡുകൾ നൽകാറുണ്ട്. ഇളവുകൾ റിവാർഡ് പോയിന്റുകളായോ, ക്യാഷ് ബാക്കായോ തരും. റിവാർഡ് പോയിന്റുകൾ ഉപയോഗിച്ച് ഷോപ്പിംഗ് നടത്താം, അല്ലാത്ത പക്ഷം ബില്ലിൽ തന്നെ ആ തുക കുറച്ചു തരും. ഡെബിറ്റ് കാർഡുകൾക്ക് ഓഫറുകളും, ഇളവുകളും കുറവാണ്.

കാർഡ് ഉപയോഗിക്കുന്നത് കൊണ്ട് ക്രെഡിറ്റ് സ്കോർ മെച്ചപ്പെടാൻ ഇടയാകുന്നു. മെച്ചപ്പെട്ട ക്രെഡിറ്റ് സ്കോർ ഉള്ളവർക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോണുകൾ, മറ്റു ക്രെഡിറ്റ് കാർഡുകൾ ലഭിക്കാനുള്ള സാധ്യത കൂടുന്നു.

എയർപോർട്ട്, റെയിൽവേ  ലോഞ്ചുകൾ സൗജന്യമായി ഉപയോഗിക്കാനുള്ള അവസരം ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട്. വിമാനത്താവളത്തിനുള്ളിലെ പണം കൊടുത്തു ഉപയോഗിക്കാനുള്ള വിശ്രമ സങ്കേതമാണ് ലോഞ്ച്. അവിടെ ഭക്ഷണശാല, കഫറ്റീരിയ, വിശ്രമിക്കാനുള്ള ഇടം, ഇന്റർനെറ്റ് എന്നീ സൗകര്യങ്ങൾ ലോഞ്ചുകളിൽ ഉണ്ടായിരിക്കും. വർഷത്തിൽ എത്ര തവണ സൗജന്യമായി ലോഞ്ച് ഉപയോഗിക്കാമെന്നത് കാർഡിന്റെ ഇനം അനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും.

ഇടപാട് നടത്തിക്കഴിഞ്ഞ ശേഷം വിവിധ കാരണങ്ങളാൽ റദ്ദാക്കേണ്ടതായ അവസരങ്ങൾ ഉണ്ടാകാറുണ്ട്. കബളിപ്പിച്ചു പണം തട്ടിയെടുക്കുന്ന അവസരങ്ങളിൽ ഇടപാട് റദ്ദാക്കി, പണം തിരികെ നൽകാൻ ബാങ്കിനോട് അഭ്യർത്ഥിക്കാം. ഡെബിറ്റ് കാർഡ്, യുപിഐ  ഉപയോഗിച്ച് നടത്തിയ ഇടപാടുകൾ റദ്ദാക്കി പണം തിരികെ എത്തിക്കാമെങ്കിലും, സേവിങ്സ് അക്കൗണ്ടിലെ പണം തിരികെയെത്താൻ അനേക ദിവസങ്ങൾ കാത്തിരിക്കേണ്ടി വരും.

ക്രെഡിറ്റ് കാർഡിന്റെ പരാതി പരിഹാര നടപടികൾ വേഗത്തിലാണ്. ഓരോ ബാങ്കിനും പ്രത്യേകമായി ക്രെഡിറ്റ് കാർഡ് വിഭാഗം ഉള്ളതിനാൽ പരാതികളും, തർക്കങ്ങളും വേഗം തീർപ്പാക്കാൻ സാധിക്കും. പണം നഷ്ടപ്പെട്ടാൽ നഷ്ടം പരിഹരിക്കാൻ കാർഡ് കമ്പനികൾ ഇൻഷുറൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടാവും.

# ക്രെഡിറ്റ് കാർഡുകളുടെ ചരിത്രം

ഫ്രാങ്ക് മക്നമാരയും, റാൽഫ് ഷ്നൈഡറും ചേർന്ന് 1949-ൽ, ക്രെഡിറ്റ് കാർഡുകളുടെ മുൻഗാമിയായ 'ഡൈനേഴ്സ് ക്ലബ് കാർഡ്' എന്ന ആശയത്തിന് തുടക്കമിട്ടു. ഡൈനേഴ്സ് ക്ലബ് സഹസ്ഥാപകൻ ഫ്രാങ്ക് മക്നമാര സുഹൃത്തുക്കൾക്കൊപ്പം ന്യൂയോർക്ക് സിറ്റിയിലെ മേജേഴ്സ് ക്യാബിൻ ഗ്രിൽ ഭക്ഷണശാലയിൽ എത്തി. ഭക്ഷണം കഴിച്ച ശേഷം പണമടക്കാൻ പഴ്സ് തപ്പിയപ്പോൾ എടുക്കാൻ മറന്നതായി മനസ്സിലാക്കുകയും, ബിൽ അദ്ദേഹത്തിന്റെ ഭാര്യ അടക്കേണ്ടതായി വന്നു. ഈ സംഭവം, ഒരു മൾട്ടിപർപ്പസ് ചാർജ് കാർഡിനെക്കുറിച്ച് ചിന്തിക്കാൻ മക്നമാരയെ പ്രേരിപ്പിച്ചു. റസ്റ്റോറന്റ് ഉടമയുമായി അദ്ദേഹം ആശയം ചർച്ച ചെയ്തു. പിന്നീട്, മക്നമര അതേ റെസ്റ്റോറന്റിൽ തിരിച്ചെത്തി, ഒരു കാർഡ്ബോർഡ് കാർഡും, ഒപ്പും ഉപയോഗിച്ച് തന്റെ ഭക്ഷണത്തിനുള്ള പണം നൽകി. തിരഞ്ഞെടുത്ത റെസ്റ്റോറന്റുകളിൽ ഡൈനേഴ്സ് ക്ലബ് അംഗങ്ങൾക്ക് ഭകഷണം കഴിക്കാം, കാർഡ് കാണിച്ച ശേഷം ബിൽ ഒപ്പിട്ടു നൽകണം. ഭക്ഷണശാലകൾ ഡൈനേഴ്സ് ക്ലബ്ബിലേക്ക് ബിൽ അയയ്ക്കും. ഒരു ചെറിയ കമ്മീഷൻ എടുത്ത് ഭക്ഷണശാലക്ക് ബാങ്ക് വഴി പണം നൽകും. അംഗങ്ങൾ അവരുടെ കാർഡ് ഉപയോഗിച്ച് ചെലവഴിച്ച തുക എല്ലാ മാസവും ഡൈനേഴ്സ് ക്ലബ്ബിൽ അടക്കണം. ആരംഭ ഘട്ടത്തിൽ ക്രെഡിറ്റ് കാർഡുകളുടെ തുടക്കം വളരെ ലളിതമായിരുന്നു.

1958-ൽ, അമേരിക്കൻ എക്സ്പ്രസ് യാത്രക്കാരായ ഉപഭോക്താക്കൾക്ക് പണമിടപാടുകൾ നടത്തുന്നതിനായി പ്രതിമാസ ബില്ലിംഗ് ഉൾപ്പെടുത്തി ക്രെഡിറ്റ് കാർഡിന്റെ ആദ്യ രൂപം അവതരിപ്പിച്ചു. അതേ വർഷം തന്നെ, BankAmericard എന്ന പേരിൽ ബാങ്ക് ഓഫ് അമേരിക്ക ആദ്യത്തെ ഉപഭോക്തൃ ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. 1976-ൽ, BankAmericard സേവനങ്ങൾ വിസ (VISA) എന്ന പേരിലേക്ക് മാറുകയും ചെയ്തു. 1966-ൽ കാലിഫോർണിയ ആസ്ഥാനമായുള്ള നിരവധി ബാങ്കുകൾ ഒന്നിച്ച് ഇന്റർബാങ്ക് കാർഡ് അസോസിയേഷൻ (ഐെടിസി) രൂപീകരിച്ചു. 1979-ൽ, ഐെടിസി പുനർനാമകരണം ചെയ്യുകയും, മാസ്റ്റർകാർഡ് എന്ന പേര് സ്വീകരിച്ച് സേവനങ്ങൾ തുടർന്ന് വരുന്നു.

## ഇന്ത്യയിലെ ക്രെഡിറ്റ് കാർഡുകളുടെ ചരിത്രം

1960-കളുടെ തുടക്കത്തിൽ സിറ്റി ബാങ്ക് ഡൈനേഴ്സ് ക്ലബ് കാർഡ് അവതരിപ്പിച്ചതോടെയാണ് ഇന്ത്യയിലെ ക്രെഡിറ്റ് കാർഡുകളുടെ ചരിത്രം ആരംഭിക്കുന്നത്. എന്നിരുന്നാലും, 1980-കളുടെ തുടക്കത്തിലാണ് ഇന്ത്യയിൽ ക്രെഡിറ്റ് കാർഡുകൾക്ക് വ്യാപകമായ സ്വീകാര്യത ലഭിക്കാൻ തുടങ്ങിയത്.

1980-ൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയും, ആന്ധ്രാ ബാങ്കും ഇന്ത്യയിൽ ആദ്യമായി ബാങ്ക് വഴി നൽകുന്ന ക്രെഡിറ്റ് കാർഡുകൾ അവതരിപ്പിച്ചു. ഈ കാർഡുകൾ വിസ കാർഡുകളായിരുന്നു, തുടക്കത്തിൽ ഉയർന്ന വരുമാനമുള്ള വ്യക്തികൾക്ക് മാത്രമേ ലഭ്യമായിരുന്നുള്ളൂ. 1988-ൽ ഇന്ത്യയിൽ മാസ്റ്റർകാർഡ് ക്രെഡിറ്റ് കാർഡുകൾ നൽകുന്ന ആദ്യത്തെ ബാങ്കായി വിജയ ബാങ്ക് മാറി.

ബാങ്കുകളുടെ അനുബന്ധ സേവനമായാണ് ഇന്ത്യയിൽ ക്രെഡിറ്റ് കാർഡുകൾ നൽകി വരുന്നത്. പൊതുമേഖലാ ബാങ്കുകളും, സ്വകാര്യ ബാങ്കുകളും ക്രെഡിറ്റ് കാർഡ് രംഗത്ത് സജീവമായുണ്ട്. ഇന്ത്യയിലെ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്യുന്ന ആദ്യത്തെ സ്വതന്ത്ര ക്രെഡിറ്റ് കാർഡ് കമ്പനിയായി എസ്ബിഐ കാർഡ് മാറി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ക്രെഡിറ്റ് കാർഡ് സേവനം 1998-ൽ ആരംഭിച്ചു. 2017-ൽ എസ്ബിഐ കാർഡ്സ് ആൻഡ് പേയ്മെന്റ് സർവീസസ് ലിമിറ്റഡ് എന്ന പേരിൽ സ്വതന്ത്ര കമ്പനിയായി മാറുകയും ചെയ്തു.

ക്രെഡിറ്റ് കാർഡുകളെക്കുറിച്ചുള്ള അവബോധമില്ലായ്മ, ക്രെഡിറ്റ് കാർഡുകൾ സ്വീകരിക്കുന്ന വ്യാപാര സ്ഥാപനങ്ങളുടെ കുറവ്, ക്രെഡിറ്റ് കാർഡിന്റെ ഉയർന്ന പലിശനിരക്ക് എന്നിങ്ങനെയുള്ള

നിരവധി ഘടകങ്ങൾ കാരണം ഇന്ത്യയിലെ ക്രെഡിറ്റ് കാർഡുകളുടെ വളർച്ച തുടക്കത്തിൽ മന്ദഗതിയിലായിരുന്നു. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ഉദാരവൽക്കരണവും, മധ്യവർഗത്തിന്റെ വളർച്ചയും, ഓൺലൈൻ ഷോപ്പിംഗിന്റെ ഉയർച്ചയും ഉൾപ്പെടെയുള്ള നിരവധി മാറ്റങ്ങൾ 1990-കളുടെ അവസാനത്തിലും 2000-ത്തിന്റെ തുടക്കത്തിലും ക്രെഡിറ്റ് കാർഡുകളുടെ പ്രചാരം വർദ്ധിച്ചു.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2022-ലെ കണക്കനുസരിച്ച്  ഇന്ത്യയിൽ ഏഴ് കോടിയോളം ക്രെഡിറ്റ് കാർഡ് ഉടമകളുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എച്ച്ഡിഎഫ്സി ബാങ്ക്, ഐസിഐസിഐ ബാങ്ക് എന്നിവയുൾപ്പെടെ ഏതാനും ബാങ്കുകളാണ് ഇന്ത്യൻ ക്രെഡിറ്റ് കാർഡ് വിപണിയിൽ ആധിപത്യം പുലർത്തുന്നത്. കാർഡുകളുടെ വിപണി വിഹിതത്തിൽ 21% ഉള്ള എച്ച്ഡിഎഫ്സി ബാങ്കാണ് മുന്നിൽ നിൽക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (19%), ഐസിഐസിഐ ബാങ്ക് (17%) വിപണി വിഹിതത്തിൽ തൊട്ടു പിന്നിലായുണ്ട്.

കടം വാങ്ങുന്നത് അഭിമാനക്കുറവായി കാണുന്ന രീതിയാണ് ഇന്ത്യൻ സമൂഹത്തിലുള്ളത്. ക്രെഡിറ്റ് കാർഡുകൾ കൂടുതൽ പണം ചെലവഴിക്കാൻ പ്രേരിപ്പിക്കുമെന്നും, കടക്കെണിയിലാകുമെന്നുമുള്ള തെറ്റിദ്ധാരണകൾ ആദ്യകാലങ്ങളിൽ ഇന്ത്യയിലെ ക്രെഡിറ്റ് കാർഡ് ഉപയോഗത്തെ മന്ദീഭവിപ്പിച്ച സാമൂഹികമായ കാരണങ്ങളിൽ ഒന്നാണ്.

ക്രെഡിറ്റ് കാർഡ് വ്യവസായം ഇന്ത്യയിൽ ധൃതഗതിയിൽ വളർന്നു കൊണ്ടിരിക്കുകയാണ്. വളർന്നുവരുന്ന മധ്യവർഗം, ഡിജിറ്റൽ പണമിടപാടുകൾ, ഓൺലൈൻ ഷോപ്പിംഗിന്റെ വർദ്ധനവ്, ക്രെഡിറ്റ് കാർഡുകൾക്ക് വ്യാപാരികൾക്കിടയിൽ വർദ്ധിച്ചുവരുന്ന സ്വീകാര്യത എന്നിവയെല്ലാം ക്രെഡിറ്റ് കാർഡ് മേഖലയുടെ വളർച്ചയ്ക്ക് കാരണമാകുന്ന ഘടകങ്ങളാണ്.

# ക്രെഡിറ്റ് കാർഡ് തിരഞ്ഞെടുക്കാനുള്ള മാനദണ്ഡങ്ങൾ

## ക്രെഡിറ്റ് കാർഡിന്റെ ആവശ്യകത

ക്രെഡിറ്റ് കാർഡിന്റെ ആവശ്യകത ഓരോരുത്തർക്കും ഓരോ വിധമാണ്. തുടക്കാർക്ക് ക്രെഡിറ്റ് കാർഡ് എങ്ങിനെ ഉപയോഗിക്കണമെന്ന് ധാരണ ഉണ്ടാവില്ല. പ്രധാനമായും എന്ത് ആവശ്യകത മുൻനിർത്തിയാണ് കാർഡിന് അപേക്ഷിക്കാൻ പോകുന്നതെന്ന ധാരണ വേണം. താഴെ പറയുന്ന കാര്യങ്ങൾക്കാണ് കാർഡിന് ആവശ്യക്കാരുള്ളത്;

- ഓൺലൈൻ ഷോപ്പിങ്ങിന് ഓഫറുകളും വിലക്കുറവും പ്രയോജനപ്പെടുത്തുന്നതിന്,
- വീട്ടിലേക്കാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ ഷോപ്പുകളിൽ പോയി വാങ്ങുന്നതിന്,
- തവണ വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങുന്നതിന്,
- സിബിൽ സ്കോർ മെച്ചപ്പെടുത്തുന്നതിന്,
- ഇന്ധനം നിറക്കുന്നതിന്,
- ബില്ലുകൾ അടയ്ക്കുന്നതിന്,
- വിനോദ ഉപാധികൾക്ക് (സിനിമ ടിക്കറ്റ് വാങ്ങുന്നതിന്),
- രൂപ റോൾ ചെയ്യുന്നതിന്,
- വീടിന്റെ വാടക, ട്യൂഷൻ ഫീസ് അടയ്ക്കുന്നതിന്,
- സാമ്പത്തിക അടിയന്തിരാവസ്ഥ വന്നാൽ ഉപയോഗിക്കുന്നതിന്.

മുകളിൽ പറയുന്ന ഓരോ ആവശ്യങ്ങൾ നിറവേറ്റുന്ന കാർഡുകൾ പ്രത്യേകം ലഭ്യമാണ്.

വിവിധ ബ്രാൻഡുകളുമായി സഹകരിച്ചു ബാങ്കുകൾ കാർഡുകൾ (Co-branded cards) പുറത്തിറക്കിയിട്ടുണ്ട്. ആ ബ്രാൻഡുകളുടെ സാധനങ്ങളോ, സേവനങ്ങളോ വാങ്ങുമ്പോഴാണ് കൂടുതൽ മെച്ചമുള്ളത്. മറ്റു ഇടപാടുകൾക്ക് കാര്യമായ ഇളവുകൾ കിട്ടണമെന്നില്ല. ഉപഭോക്താവ് പ്രസ്തുത ബ്രാൻഡിന്റെ സ്ഥിരം ഉപഭോക്താവാണെങ്കിൽ കോ-ബ്രാൻഡ് ക്രെഡിറ്റ് കാർഡുകൾ ഉപകാരപ്പെടും. ആമസോൺ ഷോപ്പിംഗ് ധാരാളം നടത്തുന്നവർക്ക് ഐസിഐസിഐ-ആമസോൺ കാർഡ് ഉപകാരപ്രദമാണ്.

താഴെ പറയുന്ന മാനദണ്ഡങ്ങൾ ക്രെഡിറ്റ് കാർഡ് തിരഞ്ഞെടുക്കാൻ ഉപയോഗിക്കാവുന്നതാണ്.

## ക്രെഡിറ്റ് കാർഡ് ചാർജുകൾ

ജോയിനിംഗ് ഫീസ്, വാർഷിക ഫീസ്, പലിശ നിരക്ക്, എടിഎമ്മിൽ നിന്നും പണം പിൻവലിക്കുമ്പോൾ ഉള്ള ചാർജുകൾ, ഇഎംഐ പലിശ, വിദേശ വിനിമയം നടത്തുമ്പോൾ ഈടാക്കുന്ന ചാർജുകൾ എന്നിവ കണക്കിലെടുക്കണം. ലൈഫ് ടൈം ഫ്രീ (LTF) കാർഡുകൾക്ക് ജോയിനിംഗ്, വാർഷിക ഫീസുകൾ ഈടാക്കാറില്ല.

## ഓഫറുകൾ

ഇടപാടുകൾ നടത്തുമ്പോൾ ലഭിക്കുന്ന ഡിസ്കൗണ്ട്, ക്യാഷ്ബാക്ക്, ഫ്യുവൽ സർചാർജിലുള്ള ഇളവുകൾ, റിവാർഡ് എന്നിവയാണ് ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗം ആകർഷകമാക്കുന്നത്. അല്ലാത്ത പക്ഷം, ക്രെഡിറ്റ് കാർഡുകൾ പ്രയോജനരഹിതമാണ്.

## ക്യാഷ് ബാക്ക്/റിവാർഡ്

ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഇടപാടുകൾ നടത്തുമ്പോൾ പ്രോത്സാഹനമായി പണമോ, റിവാർഡ് പോയിന്റുകളോ നൽകുന്നു. പണം നൽകുന്ന കാർഡുകൾ ക്യാഷ്ബാക്ക് വിഭാഗത്തിപ്പെടുന്നു. ഒരിടപാടിന്റെ നിശ്ചിത ശതമാനം (ഉദാ. 2%) പണമായി നൽകുന്നു. ഈ പണം അടുത്ത ബിൽ തുകയിൽ കുറച്ചു നൽകുന്നു.

പോയിന്റുകൾ നൽകുകയും, അവയെ പിന്നീട് പണമായി മാറ്റിയെടുക്കാവുന്ന രീതിയിലുള്ള കാർഡുകളുമുണ്ട്. ഉദാഹരണമായി, 100 രൂപ ചെലവാക്കിയാൽ ഒരു പോയിന്റ് നൽകുന്നു. ഒരു പോയിന്റ് 25 പൈസക്ക് തുല്യമായിരിക്കും. നൂറു പോയിന്റുകൾ ആകുമ്പോൾ, തത്തുല്യമായ തുകക്ക് ഗിഫ്റ്റ് വൗച്ചർ പോലെയുള്ള സമ്മാനങ്ങൾ നൽകുന്നു.

ഇന്ത്യയിൽ ക്യാഷ്ബാക്ക് കാർഡുകൾ കുറവാണ്. റിവാർഡ് രീതിയാണ് കൂടുതൽ കാർഡ് കമ്പനികളും പിന്തുടരുന്നത്. ക്യാഷ്ബാക്ക് / റിവാർഡ് രീതി വേണമെന്നതു ഉപഭോക്താവിന് തീരുമാനിച്ച ശേഷം കാർഡ് തിരഞ്ഞെടുക്കാവുന്നതാണ്.

## ക്രെഡിറ്റ് ലിമിറ്റ്

എത്ര രൂപ വരെ ചെലവാക്കാൻ കാർഡിൽ ലഭിക്കുമെന്നത് പ്രധാനമാണ്. ചില ബാങ്കുകൾ കൂടിയ പരിധി അനുവദിക്കാറുണ്ട്. തുടക്കത്തിൽ കുറഞ്ഞ പരിധി അനുവദിച്ച ശേഷം, ഉപയോഗം വിലയിരുത്തിയ ശേഷം പരിധി കൂട്ടിക്കൊടുക്കുന്ന രീതിയും ബാങ്കുകൾ പിന്തുടരുന്നുണ്ട്. കുറഞ്ഞ പരിധിയുള്ള കാർഡുകൾ ഉപയോഗിച്ച് കൂടിയ തുകയുടെ ഇടപാടുകൾ നടത്താൻ സാധിക്കില്ല എന്നതൊരു പോരായ്മയാണ്. അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തിയ ശേഷമാണ് പരിധി നിശ്ചയിക്കുന്നതെങ്കിലും, ഓരോ ബാങ്കും വ്യത്യസ്ത സമീപനമാണ് പരിധി നിശ്ചയിക്കുന്നതിൽ പ്രകടിപ്പിക്കുന്നത്.

## തവണ വ്യവസ്ഥ

കൂടിയ തുകക്ക് സാധനങ്ങൾ വാങ്ങുമ്പോൾ, ഒരുമിച്ചു വലിയ തുക തിരികെ അടക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ അവ തവണ വ്യവസ്ഥയിൽ (Equated monthly installment) തിരികെ അടക്കാൻ ക്രെഡിറ്റ് കാർഡുകൾ സൗകര്യം നൽകുന്നുണ്ട്. പലിശ രഹിത തവണ വ്യവസ്ഥയിൽ മാസങ്ങൾ കൊണ്ട് തിരികെ അടക്കുന്ന രീതി ആകർഷകവും, ഉപഭോക്താക്കൾക്ക് സൗകര്യപ്രദവുമാണ്. സാധാരണ ഗതിയിൽ 3, 6, 9 മാസങ്ങളിൽ പലിശ രഹിതമായി വില അടച്ചു തീർക്കാൻ കാർഡ് കമ്പനികൾ സൗകര്യം നൽകുന്നുണ്ട്. ഉൽപ്പന്നത്തിന്റെ വില നേരിട്ട് തവണ വ്യവസ്ഥയിലാക്കാൻ കാർഡ് കമ്പനി സൗകര്യം നൽകുന്നുണ്ട്. വിവിധ വ്യാപാര സ്ഥാപനങ്ങൾ, ഓൺലൈൻ ഷോപ്പിംഗ് കമ്പനികൾ മുഖേനയും പലിശ രഹിതമായും, പലിശയോടു കൂടിയോ തവണ വ്യവസ്ഥയിൽ വാങ്ങാവുന്നതാണ്. ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിൽ വിറ്റഴിക്കൽ മേളകൾ നടക്കുമ്പോൾ വിലക്കുറവിൽ തവണ വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങാൻ ക്രെഡിറ്റ് കാർഡുകൾ സഹായിക്കും. ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ പരിശോധിക്കുകയാണെങ്കിൽ ഏതൊക്കെ കാർഡുകളാണ് പലിശയില്ലാതെ തവണ വ്യവസ്ഥയിൽ ഉൽപ്പന്നങ്ങൾ വാങ്ങാൻ സഹായിക്കുന്നതെന്നു മനസ്സിലാക്കാം.

## പേയ്മെന്റ് നെറ്റ്വർക്ക്

വിസ, മാസ്റ്റർ എന്നീ സർവീസുകളാണ് ദേശീയ, അന്താരാഷ്ട്ര പേയ്മെന്റ് നെറ്റ്വർക്ക് മേഖലയിലെ അതികായർ. ഭാരത സർക്കാരിന്റെ പേയ്മെന്റ് നെറ്റ്വർക്ക് സംരംഭമാണ് റൂപേ. ദേശീയ തലത്തിൽ മികച്ച പ്രോത്സാഹനമാണ് റൂപേ നെറ്റുവർക്കിനു ലഭിക്കുന്നത്. പൊതുമേഖല-സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ റൂപേ കാർഡുകൾക്കു കൂടുതൽ പ്രാധാന്യം നൽകി വരുന്നുണ്ട്. റൂപേ കാർഡുകൾ ഉപയോഗിച്ച് ഇടപാടുകൾ നടത്തുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. ഒന്നിലധികം കാർഡുകൾ എടുക്കാൻ ഉദ്ദേശിക്കുന്നവർ വിസ, മാസ്റ്റർ, റൂപേ കാർഡുകൾക്ക് അപേക്ഷിക്കുക.

## ബിൽ അടക്കാനുള്ള സൗകര്യം

വിവിധ പ്ലാറ്റ്ഫോമുകളിൽ നിന്നും ക്രെഡിറ്റ് കാർഡ് ബിൽ അടക്കാനുള്ള സൗകര്യം അത്യാവശ്യമാണ്. യൂപിഐ, ഡെബിറ്റ് കാർഡ്, ബാങ്ക് അക്കൗണ്ടിൽ നിന്നും തനിയെ അടഞ്ഞു പോകുന്ന രീതി, ഇന്റർനെറ്റ് ബാങ്കിങ് എന്നിങ്ങനെ എല്ലാവിധ രീതികൾ ഉപയോഗിച്ചും ക്രെഡിറ്റ് കാർഡ് ബിൽ അടക്കാനുള്ള സൗകര്യമുണ്ടാവണം. അപൂർവ്വം ചില ക്രെഡിറ്റ് കാർഡുകൾ അതാത്

ബാങ്കിന്റെ അക്കൗണ്ടിൽ നിന്ന് മാത്രമേ പണം സ്വീകരിക്കുകയുള്ളു. ഉദാഹരണമായി, യൂണിയൻ ബാങ്ക് ക്രെഡിറ്റ് കാർഡ് ബിൽ തുക, യൂണിയൻ ബാങ്കിന്റെ സേവിങ്സ് അക്കൗണ്ടിൽ നിന്ന് മാത്രമേ അടക്കാനാവൂ. സ്വന്തം ബാങ്കിന്റെ അക്കൗണ്ടിൽ നിന്നും മാത്രം ബിൽ അടക്കാൻ അനുവദിക്കുന്ന കാർഡുകൾ ഉപഭോക്താക്കൾക്ക് അസൗകര്യം സൃഷ്ടിക്കും.

ബിൽ തുക അടച്ച ശേഷം, തുക സ്വീകരിക്കാൻ എത്ര സമയം എടുക്കുമെന്നത് പ്രധാനമാണ്. ചില കാർഡുകളുടെ ബിൽ അടച്ചാൽ, ചുരുങ്ങിയത് നാല് ദിവസം കഴിഞ്ഞ ശേഷമേ അടവ് സ്വീകരിക്കുകയുള്ളൂ. അവസാന തീയതി തീരുന്നതിനു ദിവസങ്ങൾക്കു മുൻപ് തന്നെ ബിൽ അടക്കേണ്ടതായി വരും, അല്ലാത്ത പക്ഷം പിഴത്തുക അടക്കേണ്ടതായി വരും. ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുന്നവരോട് ചോദിച്ചാൽ ബിൽ തുക സ്വീകരിക്കാൻ എടുക്കുന്ന സമയം അറിയാൻ കഴിയും.

**കാർഡ് ആപ്പ്, വെബ്സൈറ്റ്**

ഇടപാടുകൾ, കാർഡ് ലിമിറ്റ് നിയന്ത്രിക്കുന്നതിനുള്ള കാര്യങ്ങൾ, ബിൽ വിവരങ്ങൾ, അലർട്ടുകൾ, കാർഡ് ബ്ലോക്ക് ചെയ്യാനുള്ള സൗകര്യം, ഓഫറുകൾ, ബിൽ അടക്കാനുള്ള സൗകര്യം എന്നിവയാണ് ആപ്പുകളിൽ ഉണ്ടാവുക. കാർഡിനെ സംബന്ധിച്ച എല്ലാവിധ കാര്യങ്ങളും അറിയാനും, നിയന്ത്രിക്കാനും സാധ്യമാകുന്ന മൊബൈൽ ആപ്പുകൾ ഉപഭോക്താവിന് സൗകര്യപ്രദമാണ്. മിക്കവാറും എല്ലാ പ്രമുഖ കാർഡുകൾക്കും മൊബൈൽ ആപ്പും, വെബ്സൈറ്റും ഉണ്ടാവും. ആപ്പുകളുടെ മേന്മ ഓരോ കാർഡ് കമ്പനിയുടേതും വ്യത്യസ്തമാണ്. എച്ച്ഡിഎഫ്സി ബാങ്കിന് ക്രെഡിറ്റ് കാർഡ് ആപ്പ് ഇല്ല, പകരം വെബ്സൈറ്റ് ആണുള്ളത്.

മുകളിൽ സൂചിപ്പിച്ച എല്ലാ ഗുണങ്ങളും ഒത്തിണങ്ങിയ ഒരു കാർഡ് കണ്ടെത്താനാവില്ല. ഉപഭോക്താവിന്റെ ആവശ്യകതയും, ചെലവാക്കുന്ന രീതിയും പരിഗണിച്ചു കൊണ്ടാവണം കാർഡ് തിരഞ്ഞെടുക്കേണ്ടത്. ഉദാഹരണമായി, ഓൺലൈൻ ഷോപ്പിംഗിനു പറ്റുന്ന പലിശ രഹിത ഇഎംഐ നൽകുന്ന ഒരു കാർഡ്, മറ്റു ചെലവുകൾക്കുള്ള ക്യാഷ് ബാക്ക് നൽകുന്ന മറ്റൊരു കാർഡ്. പറ്റുമെങ്കിൽ, വിസ, മാസ്റ്റർ, റൂപേ എന്നിങ്ങനെ വ്യത്യസ്ത നെറ്റ്‌വർക്ക് കാർഡുകൾ ആയിരിക്കാൻ ശ്രദ്ധിക്കുക. വിവിധ കാർഡ് നെറ്റ്‌വർക്കുകൾ നൽകുന്ന ആനുകൂല്യങ്ങളും ഉപയോഗിക്കാനാവും.

# ക്രെഡിറ്റ് കാർഡ് അപേക്ഷ നൽകേണ്ട വിധം

ബാങ്കിങ് സ്ഥാപനങ്ങളാണ് ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്യുന്നത്. ബാങ്കിന്റെ വെബ്സൈറ്റ് സന്ദർശിച്ചു ഓൺലൈൻ ആയോ, ബ്രാഞ്ച് സന്ദർശിച്ചു നേരിട്ടും അപേക്ഷ നൽകാവുന്നതാണ്.

## ക്രെഡിറ്റ് കാർഡ് ആർക്കൊക്കെ ലഭിക്കും

ശമ്പളക്കാർ, സംരംഭകർ, പ്രൊഫെഷണലുകൾ, കച്ചവടക്കാർ, വിദ്യാർഥികൾ എന്നിവർക്ക് ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാവുന്നതാണ്. ഓരോ ഗണത്തിൽപ്പെട്ട അപേക്ഷകർക്കും വ്യത്യസ്ത മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് കാർഡ് അനുവദിക്കുന്നത്.

## ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കേണ്ട വിധം

ബാങ്കിൽ അക്കൗണ്ട് ഉണ്ടെങ്കിൽ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ ബാങ്ക് ജീവനക്കാർ പ്രേരിപ്പിക്കാറുണ്ട്. സാമാന്യം നല്ല രീതിയിൽ ഇടപാടുകൾ നടത്തുന്ന നിലവിലെ ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് കാർഡ് നൽകാറുണ്ട്. ഇതിനെ പ്രീ അപ്പ്രൂവ്ഡ് ക്രെഡിറ്റ് കാർഡ് എന്നാണ് പറയുക. ക്രെഡിറ്റ് കാർഡ് ഏജന്റുമാർ ബാങ്ക് സന്ദർശിക്കുന്ന ഉപഭോക്താവിനെ സമീപിക്കും. ഷോപ്പിംഗ് മാളുകളിൽ ക്രെഡിറ്റ് കാർഡ് ഏജന്റുമാർ ക്യാൻവാസ് ചെയ്യാൻ എത്താറുണ്ട്.

ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ പ്രസ്തുത ബാങ്കിൽ അക്കൗണ്ട് വേണമെന്ന് നിർബന്ധമില്ല. അപൂർവ്വം ചില ബാങ്കുകളിൽ അക്കൗണ്ട് നിർബന്ധമാണ്, ഉദാ. യൂണിയൻ ബാങ്ക്.

നേരിട്ട് ബാങ്കിൽ എത്തി ക്രെഡിറ്റ് കാർഡ് അപേക്ഷ നൽകാവുന്നതാണ്. ബ്രാഞ്ച് വഴി അപേക്ഷ സമർപ്പിച്ചാൽ പ്രാഥമിക പരിശോധന നടത്തിയ ശേഷമാവും അപേക്ഷ അപ്‌ലോഡ് ചെയ്യുന്നത്. ബാങ്കിൽ അപേക്ഷ നൽകാൻ പോകുമ്പോൾ ഫോട്ടോ, മേൽവിലാസവും, സാമ്പത്തിക സ്ഥിതി തെളിയിക്കാനുതകുന്ന രേഖകളും കയ്യിൽ കരുതണം.

ക്രെഡിറ്റ് കാർഡ് വെബ്സൈറ്റിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ നൽകാവുന്നതാണ്. ആധാർ, പാൻ നമ്പർ തുടങ്ങിയ രേഖകൾ കയ്യിൽ കരുതി വേണം ഓൺലൈൻ അപേക്ഷ നൽകാൻ ഒരുങ്ങേണ്ടത്. ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചാൽ അടുത്തുള്ള ബാങ്കിന്റെ ശാഖയിൽ നിന്നും വെരിഫിക്കേഷൻ നടത്താൻ ജീവനക്കാർ വന്നേക്കാം. ചില ബാങ്കുകൾ വെരിഫിക്കേഷൻ നേരിട്ട് നടത്താറില്ല. വീഡിയോ കാൾ വഴി വെരിഫിക്കേഷൻ നടത്തുകയും, സമർപ്പിച്ച രേഖകൾ പരിശോധിച്ചു തീരുമാനമെടുക്കും.

നിലവിൽ ക്രെഡിറ്റ് കാർഡ് ഉള്ളവർക്ക് അതിന്റെ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചു കൊണ്ട് മറ്റു ബാങ്കുകളുടെ കാർഡിന് അപേക്ഷിക്കാം. ഈ രീതിക്ക് '*കാർഡ്-ടു-കാർഡ്*' അപേക്ഷ നൽകുക എന്നാണ് പറയുക. കാർഡ് ടു കാർഡ് രീതിയിൽ അപേക്ഷ നൽകുമ്പോൾ വരുമാനം തെളിയിക്കേണ്ട രേഖകൾ ആവശ്യപ്പെടാറില്ല.

## ക്രെഡിറ്റ് കാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

അപേക്ഷകന്റെ മേൽവിലാസവും വരുമാനവും തെളിയിക്കുന്ന രേഖകളാണ് ബാങ്കുകൾ പ്രധാനമായും ആവശ്യപ്പെടാറുള്ളത്. അപേക്ഷകന്റെ മേൽവിലാസം തെളിയിക്കാൻ ഉതകുന്ന രേഖകൾ; ആധാർ കാർഡ്, പാൻ കാർഡ്, വോട്ടർ ഐഡി കാർഡ് ഇവയിൽ ഏതെങ്കിലും ഒന്ന് മതിയാവും.

വരുമാനം തെളിയിക്കാൻ ശമ്പള സ്ലിപ്, ആദായ നികുതി അടച്ചതിന്റെ രേഖകൾ, ബാങ്ക് സ്റ്റേറ്റ്മെന്റ് തുടങ്ങിയ രേഖകളിൽ ഏതു വേണമെങ്കിലും ആവശ്യപ്പെടാൻ സാധ്യതയുണ്ട്. വരുമാനം തെളിയിക്കാൻ പറ്റുന്ന ആധികാരികമായ തെളിവ് എന്ന നിലയിൽ ആദായ നികുതി അടച്ചതിന്റെ

രേഖ ബാങ്കുകൾ ആവശ്യപ്പെടാറുണ്ട്. ചില ബാങ്കുകൾ ബാങ്ക് സ്റ്റേറ്റ്മെന്റ് മാത്രമേ വരുമാനം തെളിയിക്കാൻ ആവശ്യപ്പെടാറുള്ളൂ. പ്രചാരമില്ലാത്ത ക്രെഡിറ്റ് കാർഡുകളുടെ വിതരണം കൂട്ടാൻ അധികം രേഖകൾ ആവശ്യപ്പെട്ടു ബാങ്കുകൾ ഉപഭോക്താക്കളെ വിഷമിപ്പിക്കാറില്ല. ക്രെഡിറ്റ് കാർഡ് ബിൽ അടക്കാനുള്ള സാമ്പത്തികശേഷി ഉണ്ടോയെന്ന് പരിശോധിക്കലാണ് രേഖകൾ ആവശ്യപ്പെടുന്നതിലൂടെ ബാങ്കുകളുടെ ലക്ഷ്യം. ഇത്തരം കാർഡുകളെ അൺ സെക്യൂർഡ് കാർഡുകൾ എന്നാണ് വിളിക്കുന്നത്.

വരുമാനം തെളിയിക്കാനുള്ള രേഖകളുടെ അഭാവത്തിൽ ഫിക്സഡ് ഡിപ്പോസിറ്റ് ഇട്ടാൽ അതിന്റെ ഈടിൽ ക്രെഡിറ്റ് കാർഡ് അനുവദിക്കുന്ന ബാങ്കുകൾ ഉണ്ട്, ഉദാ. One Card, IDFC card. ഇത്തരം കാർഡുകൾ സെക്യൂർഡ് കാർഡുകൾ എന്നാണ് അറിയപ്പെടുന്നത്.

ഓൺലൈൻ അപേക്ഷയാണെങ്കിൽ വീഡിയോ കെവൈസി (KYC) ഉണ്ടാവും. യഥാർത്ഥ ആധാർ/പാൻകാർഡ് കാമറ വഴി കാണിച്ചു കൊടുക്കണം. പാൻകാർഡ് നമ്പർ ഉപയോഗിച്ച് കൊണ്ട് അപേക്ഷകന്റെ ക്രെഡിറ്റ് സ്കോർ കൂടി പരിശോധിച്ച ശേഷമാവും കാർഡ് അനുവദിക്കുന്നതിൽ തീരുമാനമെടുക്കുന്നത്. CIBIL ആണ് ബാങ്കുകൾ ഉപയോഗിക്കുന്ന പ്രമുഖ ക്രെഡിറ്റ് സ്കോർ. അപേക്ഷ നൽകുന്നതിന് മുൻപ് CBIL വെബ്സൈറ്റ് സന്ദർശിച്ചു സ്കോർ അറിയാവുന്നതാണ്. വിവിധ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ക്രെഡിറ്റ് കാർഡ് അപേക്ഷയിൽ ബാങ്ക് അന്തിമ തീരുമാനമെടുക്കുന്നത്. ക്രെഡിറ്റ് സ്കോർ കൂടുതൽ ഉള്ളത് കൊണ്ട് ക്രെഡിറ്റ് കാർഡ് കിട്ടണമെന്നില്ല.

### ക്രെഡിറ്റ് സ്കോർ ലഭിക്കുന്നതെങ്ങിനെ

ബാങ്കിങ് ഇടപാടുകൾ തീരെയില്ലാത്തവർക്ക് ക്രെഡിറ്റ് സ്കോർ ഉണ്ടാവില്ല. വിവിധ തരം ലോണുകൾ (വാഹന, ഗൃഹ, സ്വർണ്ണ പണയ വായ്പ്പകൾ), ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിലെ പേ ലേറ്റർ (Pay Later), ഇഎംഐ വായ്പകൾ എടുക്കുകയും കൃത്യമായി അടക്കുകയും ചെയ്യുന്നവർക്ക് ക്രെഡിറ്റ് സ്കോർ ഉണ്ടാവും. മുകളിൽ പരാമർശിച്ച ഇടപാടുകൾ നിരീക്ഷിച്ചാണ് ഉപഭോക്താവിന്റെ ക്രെഡിറ്റ് സ്കോർ നിശ്ചയിക്കുന്നത്.

ക്രെഡിറ്റ് സ്കോർ തീരെയില്ലാത്തവർക്കു കുറച്ചു നാൾ കൊണ്ട് ഉണ്ടാക്കിയെടുക്കാവുന്നതാണ്. മുകളിൽ പറഞ്ഞ ഏതെങ്കിലും വായ്പകൾ എടുത്തു ക്രമേണ മികച്ച ക്രെഡിറ്റ് സ്കോർ വളർത്തിയെടുക്കാം. ക്രെഡിറ്റ് സ്കോർ വളർത്തിയെടുക്കും വരെ കാത്തിരിക്കാൻ ക്ഷമയില്ലാത്തവർ ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ടു കൊണ്ട് അനുവദിക്കുന്ന കാർഡിന് അപേക്ഷിക്കുക. സ്ഥിരനിക്ഷേപത്തിനു ബാങ്ക് പലിശയും നൽകും. ഏതാനും മാസം ക്രെഡിറ്റ് കാർഡ് ബിൽ അടച്ചു കഴിയുമ്പോൾ ക്രെഡിറ്റ് സ്കോർ മികച്ച നിലയിൽ എത്തിയിട്ടുണ്ടാവും. മികച്ച ക്രെഡിറ്റ് സ്കോർ ആയ ശേഷം മറ്റു ക്രെഡിറ്റ് കാർഡുകൾക്കു അപേക്ഷിക്കാം.

### ക്രെഡിറ്റ് കാർഡ് കിട്ടാൻ എത്ര ദിവസമെടുക്കും?

അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, സമർപ്പിച്ച രേഖകൾ പരിശോധിച്ച് പ്രാഥമിക നടപടികൾ പൂർത്തിയാക്കുന്നു. അപേക്ഷകന്റെ മേൽവിലാസം ശരിയാണോയെന്ന് പരിശോധിക്കാൻ ബാങ്ക് ജീവനക്കാർ ഭവന സന്ദർശനം നടത്താറുണ്ട്. പരിശോധന തൃപ്തികരമെങ്കിൽ അപേക്ഷ അപ്രൂവ് ചെയ്യുന്നു. കാർഡ് പ്രിന്റ് ചെയ്യുക, ഉപഭോക്താവിന്റെ കൈകളിക്ക് എത്തിക്കുക തുടങ്ങിയ ജോലികളാണ് പിന്നീടുള്ളത്. അപേക്ഷ കൊടുത്തു കഴിഞ്ഞാൽ കാർഡ് കിട്ടുന്നത് വരെ ഒരു മാസത്തെ സമയമെടുക്കാറുണ്ട്. കാർഡ് കയ്യിലെത്തിക്കാനുള്ള കാലതാമസം ഓരോ ബാങ്കുകളിലും വ്യത്യാസപ്പെട്ടിരിക്കും. ചില ബാങ്കുകൾ രണ്ടാഴ്ച കൊണ്ട് അപേക്ഷ തീർപ്പാക്കി കാർഡ് എത്തിച്ചു കൊടുക്കാറുണ്ട്. എന്റെ അനുഭവത്തിൽ കാർഡ് ലഭിക്കാൻ കൂടുതൽ സമയം എടുക്കുന്ന ബാങ്കുകളാണ്, ബാങ്ക് ഓഫ് ബറോഡ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, എച്ച്ഡിഎഫ്സി. അപേക്ഷിച്ചു രണ്ടു ആഴ്ചക്കുള്ളിൽ കാർഡ് എത്തിച്ചു തന്ന ബാങ്കുകളാണ്, പഞ്ചാബ് നാഷണൽ ബാങ്ക്, യൂണിയൻ ബാങ്ക്, ഐസിഐസിഐ, കൊടക് മഹിന്ദ്ര ബാങ്ക്.

## ക്രെഡിറ്റ് കാർഡ് ആക്ടിവേറ്റ് ചെയ്യുന്ന വിധം

ക്രെഡിറ്റ് കാർഡ് അനുവദിച്ച ശേഷം ഒന്നോ രണ്ടോ ആഴ്ചകൾക്കുള്ളിൽ ഇന്ത്യ പോസ്റ്റ് വഴിയോ, കൊറിയർ സർവീസ് വഴിയോ കാർഡ് ഉപഭോക്താവിന് അയച്ചു കൊടുക്കുന്നു. കാർഡ്, ബ്രോഷർ, ഉപയോഗിക്കാനുള്ള നിർദേശങ്ങൾ, ഉപഭോക്താവിനെ സ്വാഗതം ചെയ്തു കൊണ്ടുള്ള കത്ത് എന്നിവയാണ് കവറിൽ ഉണ്ടാവുക. കാർഡ് ലിമിറ്റ്, ബില്ലിംഗ് തീയതി, തുടങ്ങിയ വിവരങ്ങളും കത്തിലുണ്ടാവും.

കാർഡ് ഉപയോഗിച്ച് തുടങ്ങുന്നതിനു ആക്ടിവേറ്റ് ചെയ്യേണ്ടതുണ്ട്. മൊബൈൽ ആപ്പ്, വെബ്സൈറ്റ്, എസ്എംഎസ്, ബാങ്ക് എടിഎം, എന്നിങ്ങനെ ഏതെങ്കിലും ഒരു മാർഗ്ഗം ഉപയോഗിച്ച് കൊണ്ട് കാർഡ് ആക്ടിവേറ്റ് ചെയ്യാവുന്നതാണ്. എല്ലാ കാർഡുകൾക്കും മൊബൈൽ ആപ്പ് ലഭ്യമാണ്. മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്ത ശേഷം, കാർഡ് ആക്ടിവേറ്റ് ചെയ്യുന്നതാണ് എളുപ്പം. ക്രെഡിറ്റ് കാർഡിന് പിൻ നമ്പർ നൽകണം. ഡൊമസ്റ്റിക്, ഇന്റർനാഷണൽ, എടിഎം, കോണ്ടാക്ട്ലെസ്സ് ഇടപാടുകളുടെ പരിധി കൂടി സെറ്റ് ചെയ്യേണ്ടതാണ്. ഇന്റർനാഷണൽ ഇടപാടുകൾ വേണ്ടായെങ്കിൽ അത് ഓഫ് ആക്കി വെക്കാവുന്നതാണ്.

## ക്രെഡിറ്റ് കാർഡുകളുടെ ഫീസ്

ജോയിനിംഗ് ഫീസ്, വാർഷിക വരിസംഖ്യ എന്നിങ്ങനെ രണ്ടു തരം ചാർജുകളാണ് ഉപഭോക്താവിൽ നിന്ന് കാർഡുകൾ പൊതുവേ ഈടാക്കുന്നത്. മുകളിൽ പറഞ്ഞ രണ്ടു തരം ഫീസുകൾ ഈടാക്കാത്ത കാർഡുകളും ഉണ്ട്, അത്തരം കാർഡുകൾ Life Time Free (LTF) കാർഡുകൾ എന്നാണറിയപ്പെടുന്നത്. ഒരു നിശ്ചിത തുക ഒരു വർഷം കാർഡ് ഉപയോഗിച്ച് ചെലവാക്കുകയാണെങ്കിൽ വാർഷിക വരിസംഖ്യ ഒഴിവാക്കിക്കൊടുക്കുന്ന നയമാണ് മിക്ക കാർഡുകളും പിന്തുടരുന്നത്. ഉദാഹരണമായി, ഒരു വർഷം 70000 രൂപ കാർഡ് വഴി ചിലവാക്കുകയാണെങ്കിൽ ബാങ്ക് ഓഫ് ബറോഡയുടെ സെലക്ട് എന്ന കാർഡിന്റെ വാർഷിക വരിസംഖ്യ ഒഴിവായിക്കിട്ടും. വാർഷിക വരിസംഖ്യ ഈടാക്കുന്ന കാർഡുകൾ ഓരോ ഇടപാടിനും കൂടുതൽ കിഴിവുകൾ നൽകി മികച്ച ആനുകൂല്യങ്ങൾ നൽകി വരുന്നതായാണ് കാണുന്നത്. കമ്പനി പറയുന്ന അത്രയും തുകയുടെ വാർഷിക ഉപഭോഗമുണ്ടെങ്കിൽ വാർഷിക വരിസംഖ്യ ഈടാക്കുന്ന കാർഡുകൾ എടുക്കുന്നതിൽ മടി കാണിക്കേണ്ടതില്ല.

# ക്രെഡിറ്റ് സ്കോർ

പണം കടമായി കിട്ടാൻ ഒരാൾ എത്രത്തോളം യോഗ്യനാണ് എന്നതിന്റെ അളവ് കോലാണ് ക്രെഡിറ്റ് സ്കോർ. 300-850 ഇടയിൽ മാർക്ക് നൽകിയാണ് ഒരാളുടെ ക്രെഡിറ്റ് സ്കോർ അടയാളപ്പെടുത്തുന്നത്. 750 നു മുകളിലുള്ള സ്കോർ ഏറ്റവും മികച്ചതായി കരുതുന്നു. സാമ്പത്തിക ഇടപാടുകളുടെ സമീപകാല ചരിത്രത്തെ അടിസ്ഥാനമാക്കിയാണ് ക്രെഡിറ്റ് സ്കോർ നിർണ്ണയിക്കുന്നത്. ലോൺ അക്കൗണ്ടുകളുടെ എണ്ണം, ആകെ കടം, തിരിച്ചടവ് താമസിച്ചതും, മുടക്കം വരുത്തിയതും, ക്രെഡിറ്റ് കാർഡ് അപേക്ഷകളുടെ എണ്ണം തുടങ്ങിയ ഘടകങ്ങൾ ക്രെഡിറ്റ് സ്കോർ കണക്കു കൂട്ടാൻ പരിഗണിക്കുന്നു. ഒരു വ്യക്തി കൃത്യസമയത്ത് വായ്പ തിരിച്ചടയ്ക്കാനുള്ള സാധ്യത വിലയിരുത്താൻ ധനകാര്യ സ്ഥാപനങ്ങൾ ക്രെഡിറ്റ് സ്കോർ ഉപയോഗിക്കുന്നു.

വിവിധ ക്രെഡിറ്റ് ബ്യുറോ ഏജൻസികളാണ് ക്രെഡിറ്റ് സ്കോർ വിലയിരുത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്നത്. സിബിൽ, എക്വിഫാക്സ്, എക്സ്പീരിയൻ, ക്രിഫ് ഹൈ മാർക്ക് എന്നീ ഏജൻസികളാണ് ഇന്ത്യയിലെ പ്രമുഖർ. ധനകാര്യ സ്ഥാപനങ്ങൾ ഉപഭോക്താക്കളുടെ ഇടപാടുകൾ ക്രെഡിറ്റ് ബ്യുറോകൾക്ക് റിപ്പോർട്ട് ചെയ്യുകയും, ആ വിവരങ്ങൾ വിശകലനം ചെയ്ത് ക്രെഡിറ്റ് സ്കോർ നിർണ്ണയിക്കുകയും ചെയ്യുന്നു. ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പ്രതിമാസ അടിസ്ഥാനത്തിൽ ക്രെഡിറ്റ് ബ്യൂറോകളിൽ പുതിയ ക്രെഡിറ്റ് വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈ വിവരം ലഭിച്ച ശേഷം, ക്രെഡിറ്റ് ബ്യൂറോകൾ ഒരു വ്യക്തിയുടെ ക്രെഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നു. മികച്ച ക്രെഡിറ്റ് സ്കോർ ഉള്ള വ്യക്തിക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോണുകൾ, പുതിയ ക്രെഡിറ്റ് കാർഡുകൾ, എന്നിങ്ങനെയുള്ള മുൻതൂക്കം ലഭിക്കും.

ധനകാര്യ സ്ഥാപനങ്ങൾ വിവിധ ക്രെഡിറ്റ് ബ്യുറോകളുടെ സ്കോറാണ് ഉപയോഗിക്കുന്നത്. ഓരോ ക്രെഡിറ്റ് ബ്യുറോകളും വ്യത്യസ്തമായ അൽഗോരിതങ്ങൾ ഉപയോഗിച്ചാണ് ക്രെഡിറ്റ് സ്കോർ കണക്കു കൂട്ടുന്നത്. ഒരേ വ്യക്തിയുടെ ക്രെഡിറ്റ് സ്കോർ വിവിധ ക്രെഡിറ്റ് ബ്യുറോകൾ കണക്കാക്കുമ്പോൾ വ്യത്യാസം ഉണ്ടാവും. സിബിൽ സ്കോറാണ് ഇന്ത്യയിൽ ഏറ്റവും പ്രചാരത്തിലുള്ള ക്രെഡിറ്റ് സ്കോർ. 300-900 ഇടയിലുള്ള ശ്രേണികളാണ് ക്രെഡിറ്റ് സ്കോർ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ധനകാര്യ സ്ഥാപനങ്ങൾ ഒരാളുടെ സ്കോർ നല്ലതോ മോശമോ എന്ന് കണക്കാക്കുന്നത് താഴെ പറയുന്ന രീതിയിലാണ്;

മികച്ചത് - 750 മുകളിൽ
നല്ലത് - 700-750 നു ഇടയിൽ
മോശം - 500 നു താഴെ

### സിബിൽ സ്കോർ പരിശോധിക്കുന്ന വിധം

വ്യക്തികൾക്ക് സിബിൽ സ്കോർ വിവിധ യുപിഐ ആപ്പുകൾ വഴി സൗജന്യമായി പരിശോധിക്കാവുന്നതാണ്. ഗൂഗിൾ പേ, ആമസോൺ പേ, പേ ടിഎം എന്നീ അപ്പുകളിൽ പാൻ നമ്പർ നൽകിയാൽ ക്രെഡിറ്റ് സ്കോറും, വിശദമായ റിപ്പോർട്ടും ലഭിക്കും. സിബിൽ വെബ്സൈറ്റ് സന്ദർശിച്ചും, ആപ്പ് ഉപയോഗിച്ചും സ്കോർ അറിയാവുന്നതാണ്.

### ക്രെഡിറ്റ് സ്കോർ ഇല്ലാത്തവർ എന്ത് ചെയ്യണം

സാമ്പത്തിക ഇടപാടുകൾ നല്ല രീതിയിൽ നടത്തുന്നവർക്ക് മാത്രമേ ക്രെഡിറ്റ് സ്കോർ ഉണ്ടാവുകയുള്ളൂ. വരുമാനം ഉണ്ടാവുമെങ്കിലും വേണ്ടത്ര സാമ്പത്തിക ഇടപാടുകൾ ഇല്ലായെങ്കിൽ ക്രെഡിറ്റ് സ്കോർ ദുർബലമായിരിക്കും. ലോൺ, സ്വർണ്ണപ്പണയം, ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിലെ പേ ലേറ്റർ എന്നീ ഇടപാടുകൾ ക്രെഡിറ്റ് സ്കോർ നിർമ്മിക്കപ്പെടാൻ സഹായിക്കുന്ന ഇടപാടുകളാണ്. ക്രെഡിറ്റ് സ്കോർ ഇല്ലാത്തവർക്ക് ലോൺ, ക്രെഡിറ്റ് കാർഡ്

എന്നിവ അപേക്ഷിച്ചാൽ കിട്ടാൻ ബുദ്ധിമുട്ടായിരിക്കും. ക്രെഡിറ്റ് സ്കോർ ഉണ്ടാക്കിയെടുക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്താൽ മതിയാവും;

**ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കുക:** ക്രെഡിറ്റ് സ്കോർ ഇല്ലാതെ ക്രെഡിറ്റ് കാർഡ് കിട്ടില്ല. ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ട ശേഷം അനുവദിക്കുന്ന ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാം. കൃത്യമായ ക്രെഡിറ്റ് കാർഡ് ബിൽ അടവുകൾ ക്രെഡിറ്റ് സ്കോർ ഉയർത്തും.

**ക്രെഡിറ്റ് ബിൽഡർ ലോൺ:** ക്രെഡിറ്റ് സ്കോർ തീരെയില്ലാത്തവർക്കു സ്കോർ ഉയർത്താൻ സഹായിക്കുന്ന ലോൺ. ചെറിയ തുക ലോണായി കിട്ടുന്നു. ലോൺ തുക സേവിങ്സ് അക്കൗണ്ടിൽ ലോക്ക് ആക്കുന്നു. ചെറിയ തുക തിരിച്ചടവായി നൽകുമ്പോൾ ക്രെഡിറ്റ് ഏജൻസികളിൽ റിപ്പോർട്ട് ചെയ്യുന്നു. അടവുകൾ കഴിയുമ്പോൾ ലോൺ തുക ഉപഭോക്താവിന് ലഭിക്കുന്നു.

**പേ ലേറ്റർ:** ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിൽ പേ ലേറ്റർ അക്കൗണ്ട് തുടങ്ങുക. ഇതൊരു ലോൺ തന്നെയാണ്. ഏതെങ്കിലും ബാങ്ക് ആയിരിക്കും ഈ സൗകര്യം നൽകുന്നത്. സാധനങ്ങൾ പേ ലേറ്റർ പ്രകാരം വാങ്ങി കൃത്യമായി വില തിരിച്ചടക്കുക.

ക്രെഡിറ്റ് സ്കോർ കൂട്ടുന്നതിനുള്ള സംവിധാനങ്ങൾ ചെയ്ത ശേഷം ക്രെഡിറ്റ് സ്കോർ നിരീക്ഷിക്കുക. ചുരുങ്ങിയത് രണ്ടു മാസത്തിനുള്ളിൽ ഫലം കണ്ടു തുടങ്ങും.

## മികച്ച ക്രെഡിറ്റ് സ്കോർ നിലനിർത്താൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- ലോൺ, ക്രെഡിറ്റ് കാർഡ് ബില്ലുകൾ മുടക്കം വരാതെ അടക്കുക.
- ക്രെഡിറ്റ് യൂട്ടിലൈസേഷൻ റേറ്റ് പരിധി കടക്കാതിരിക്കാൻ ശ്രദ്ധിക്കുക. ക്രെഡിറ്റ് ലിമിറ്റ് കുറവെങ്കിൽ ഉയർത്തുക.
- ക്രെഡിറ്റ് കാർഡുകൾ ക്ലോസ് ചെയ്യാതിരിക്കുക. പകരം എൽടിഎഫ് ആക്കാൻ ശ്രമിക്കുക.
- തുടരെ ക്രെഡിറ്റ് കാർഡ്, ലോൺ അപേക്ഷകൾ നൽകുന്നത് ക്രെഡിറ്റ് സ്കോറിനെ ബാധിക്കുന്ന കാര്യങ്ങളാണ്.
- ക്രെഡിറ്റ് സ്കോർ റിപ്പോർട്ട് എല്ലാത്തരം ധനവിനിമയ ഇടപാടുകളുടെ വിവരങ്ങളും നൽകും. ക്രെഡിറ്റ് റിപ്പോർട്ട് എല്ലാ മാസവും പരിശോധിച്ച് പോരായ്മകൾ പരിഹരിക്കുക.

# ക്രെഡിറ്റ് ലിമിറ്റ്

ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് പരമാവധി ചെലവഴിക്കാൻ അനുവദിച്ചിരിക്കുന്ന തുകയാണ് ക്രെഡിറ്റ് ലിമിറ്റ്. ഉപഭോക്താവിന്റെ ക്രയശേഷി അനുസരിച്ചു ക്രെഡിറ്റ് ലിമിറ്റ് നിശ്ചയിക്കുന്നത് കാർഡ് കമ്പനിയാണ്. ഏതു തരം കാർഡാണ് എന്നതനുസരിച്ചും ലിമിറ്റ് വ്യത്യാസപ്പെടാവുന്നതാണ്. വരുമാനം, വയസ്സ്, നിലവിലെ ബാധ്യതകൾ, ക്രെഡിറ്റ് സ്കോർ എന്നീ മാനദണ്ഡങ്ങൾ ആധാരമാക്കിയാണ് ക്രെഡിറ്റ് ലിമിറ്റ് ബാങ്കുകൾ നിശ്ചയിക്കുന്നത്. അനുവദിച്ചിരിക്കുന്ന പരിധി ഒരു ലക്ഷം രൂപയാണെങ്കിൽ, അതിനു മുകളിൽ ചെലവാക്കുന്നത് അനുവദനീയമല്ല.

'റിവോൾവിംഗ് ലൈൻ ഓഫ് ക്രെഡിറ്റ്' എന്ന രീതിയാണ് ക്രെഡിറ്റ് കാർഡുകൾ ലിമിറ്റ് കൈകാര്യം ചെയ്യാനുപയോഗിക്കുന്നത്. ഒരാൾക്ക് അനുവദിച്ചിരിക്കുന്ന ക്രെഡിറ്റ് ലിമിറ്റ് ഒരു ലക്ഷം രൂപയാണെങ്കിൽ, അയാൾ ഇരുപതിനായിരം രൂപ ചെലവാക്കിയെങ്കിൽ, നിലവിലെ ക്രെഡിറ്റ് ലിമിറ്റ് എൺപതിനായിരം രൂപയാണ്. ഇരുപതിനായിരം രൂപ തിരികെ അടയ്ക്കുമ്പോൾ, ക്രെഡിറ്റ് ലിമിറ്റ് ഒരു ലക്ഷമായി മാറുന്നു. ഇഎംഐ ആയി സാധനങ്ങൾ വാങ്ങുമ്പോൾ, ചെലവാക്കിയ തുക അടവ് തീരും വരെ ലിമിറ്റിൽ കുറഞ്ഞിരിക്കും. ഉദാഹരണമായി, ഒരു ലക്ഷം രൂപ ലിമിറ്റുള്ള കാർഡ് ഉപയോഗിച്ച് ഇഎംഐ ആയി മുപ്പതിനായിരം രൂപയുടെ എയർ കണ്ടീഷണർ വാങ്ങി. പത്തു തവണകളായി മൂവായിരം രൂപയാണ് അടക്കേണ്ടത്. പത്തു അടവുകൾ കഴിയും വരെ ക്രെഡിറ്റ് ലിമിറ്റ് മുപ്പതിനായിരം രൂപ കുറഞ്ഞിരിക്കും.

ക്രെഡിറ്റ് കാർഡുകൾ തരുന്ന ക്രെഡിറ്റ് ലിമിറ്റ് പൂർണ്ണമായും ഉപയോഗിക്കുന്നത് സാമ്പത്തിക ആരോഗ്യത്തിനു നന്നല്ല. ഒരു ലക്ഷം രൂപ പരിധി അനുവദിച്ചിരിക്കുന്നുവെങ്കിൽ പൂർണ്ണമായും ഉപയോഗിക്കാൻ പാടില്ല. ക്രെഡിറ്റ് ലിമിറ്റിന്റെ 30% വരെ ഉപയോഗിക്കുന്നതാണ് മികച്ച ക്രെഡിറ്റ് സ്കോർ നിലനിർത്താൻ നല്ലത്. മികച്ച ക്രെഡിറ്റ് സ്കോർ നിലനിർത്തുന്നത് പുതിയ ക്രെഡിറ്റ് കാർഡുകൾ, ലോൺ എന്നിവ വേഗം അനുവദിച്ചു കിട്ടുന്നതിന് സഹായിക്കും.

കുറഞ്ഞ ക്രെഡിറ്റ് ലിമിറ്റ് ഉള്ളവർക്ക് കൂടുതൽ വിലയുള്ള സാധനങ്ങൾ വാങ്ങാനും, ക്രെഡിറ്റ് ലിമിറ്റ് നിലനിർത്താനും ബുദ്ധിമുട്ട് നേരിടാറുണ്ട്. ചെലവാക്കിയ തുക ബിൽ ആകുന്നതിനു മുൻപ് തന്നെ അടച്ചു കൊണ്ട് ക്രെഡിറ്റ് ലിമിറ്റ് ഉയർത്താവുന്നതാണ്. എല്ലായിപ്പോഴും ചെലവാക്കിയ തുക നേരത്തെ അടച്ചു കൊണ്ട് ലിമിറ്റ് ഉയർത്തുന്നത് പ്രായോഗികമല്ല. പതിനഞ്ചായിരം രൂപ ക്രെഡിറ്റ് ലിമിറ്റ് ഉള്ള കാർഡ് ഉപയോഗിച്ച് ഇരുപതിനായിരം രൂപയുടെ ഫോൺ വാങ്ങാൻ പറ്റില്ല.

### ഷെയേർഡ് ലിമിറ്റ്

നിലവിലുള്ള കാർഡ് കമ്പനിയുടെ, വേറൊരു കാർഡിന് അപേക്ഷിച്ചാലും ക്രെഡിറ്റ് ലിമിറ്റ് ഷെയർ ചെയ്താവും ലഭിക്കുക. നിലവിലെ കാർഡിന്റെ ലിമിറ്റ് തന്നെയാവും പുതിയ കാർഡിനും ലഭിക്കുക. ഒരു കാർഡ് ഉപയോഗിച്ച് ചെലവാക്കുന്ന തുക രണ്ടു കാർഡിന്റേയും ലിമിറ്റിനെ ഒരു പോലെ ബാധിക്കും. കൂടുതൽ ക്രയശേഷി വേണമെങ്കിൽ കാർഡിന്റെ ക്രെഡിറ്റ് ലിമിറ്റ് ഉയർത്തുകയെന്നതാണ് പരിഹാരം.

### ക്രെഡിറ്റ് ലിമിറ്റ് എങ്ങിനെ ഉയർത്താം

ക്രെഡിറ്റ് ലിമിറ്റ് ഉയർത്തുന്നതിനായി ചില മുന്നൊരുക്കങ്ങൾ നടത്തേണ്ടതുണ്ട്, എങ്കിൽ മാത്രമേ ലിമിറ്റ് ഉയർത്താനുള്ള നടപടികൾ ബാങ്കിന് സ്വീകരിക്കാൻ പറ്റൂ. ക്രെഡിറ്റ് കാർഡ് പതിവായി ഉപയോഗിക്കുകയും, മുടക്കം വരാതെ കൃത്യമായി ബിൽ തുക അടക്കുകയും ചെയ്യുക. ലിമിറ്റ് ഉയർത്തിക്കൊണ്ട് കാർഡിന്റെ ഉപയോഗവും വർദ്ധിപ്പിക്കുകയെന്നത് ബാങ്കിന്റേയും ആവശ്യമാണ്.

എല്ലാ വർഷവും ക്രെഡിറ്റ് ലിമിറ്റ് ഉയർത്താനുള്ള ഓഫറുകൾ ബാങ്കുകൾ പ്രഖ്യാപിക്കാറുണ്ട്. ലിമിറ്റ് ഉയർത്താനുള്ള അറിയിപ്പ് കാർഡ് ആപ്പിൽ പ്രത്യക്ഷപ്പെടും, എസ്എംഎസ് വഴിയും ലഭിക്കും.

ഉപഭോക്താവിന്റെ വരുമാനത്തിൽ വർദ്ധനയുണ്ടാവുകയും, ക്രയശേഷി കൂടുകയും ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം തെളിയിക്കാനുള്ള രേഖകൾ സഹിതം ബാങ്കിനെ സമീപിച്ചാൽ ക്രെഡിറ്റ് ലിമിറ്റ് ഉയർത്തിത്തരും. സാലറി സ്ലിപ്പ്, ഇൻകംടാക്സ് അടച്ച രേഖകൾ തെളിവായി സമർപ്പിക്കാവുന്നതാണ്. ലിമിറ്റ് ഉയർത്താനുള്ള അപേക്ഷ ഇമെയിൽ ചെയ്താലും മതി.

വരുമാനം കൂടിയില്ലെങ്കിലും, ഏറെ നാളായി ലിമിറ്റ് കൂട്ടിക്കിട്ടുന്നില്ലെങ്കിൽ ബാങ്കിനെ സമീപിച്ചു പരിധി ഉയർത്തിത്തരാൻ ആവശ്യപ്പെടാവുന്നതാണ്. പൊതുമേഖല ബാങ്കുകൾ ക്രെഡിറ്റ് കാർഡുകളുടെ പരിധി കാലാനുസൃതമായി ഉയർത്തിക്കൊടുക്കുന്നതിൽ പിശുക്കു കാണിക്കുന്നവരാണ്. പരിധി ഉയർത്തിയാലും നാമമാത്രമായ രീതിയിൽ മാത്രമേ ലിമിറ്റ് കൂട്ടുകയുള്ളൂ.

നിലവിലെ കാർഡിന്റെ പരിധി ഉയർത്തി കിട്ടുന്നില്ല, അല്ലെങ്കിൽ പരിധി ഉയർത്തിയത് തൃപ്തികരമല്ലെങ്കിൽ മറ്റൊരു ബാങ്കിന്റെ പുതിയ കാർഡിനായി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ ലിമിറ്റ് നൽകുന്ന കാർഡ് കണ്ടെത്തി അപേക്ഷ നൽകാവുന്നതാണ്.

ക്രെഡിറ്റ് ലിമിറ്റ് ഉയർത്തുന്നത് ക്രെഡിറ്റ് യൂട്ടിലൈസേഷൻ റേറ്റ് ഉയർത്തും, ലോണുകൾ കിട്ടാൻ എളുപ്പമാകും, സാമ്പത്തിക അടിയന്തിരാവസ്ഥ തരണം ചെയ്യാൻ സഹായിക്കും, കൂടുതൽ ഓഫറുകൾ കിട്ടാൻ സഹായിക്കും.

# വിവിധതരം ക്രെഡിറ്റ് കാർഡുകൾ

ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ വേണം ക്രെഡിറ്റ് കാർഡുകൾ തിരഞ്ഞെടുക്കേണ്ടത്. പ്രധാനമായും താഴെ പറയുന്ന ഉപയോഗങ്ങൾക്കുള്ള ക്രെഡിറ്റ് കാർഡുകൾ ലഭ്യമാണ്.

**ലൈഫ് സ്റ്റൈൽ കാർഡുകൾ**: നിത്യോപയോഗത്തിനുള്ള കാർഡുകളാണ്, ഷോപ്പിംഗ്, വിനോദപാധികൾ, യാത്ര എന്നീ കാര്യങ്ങൾക്ക് ഒരുപോലെ ഉപയോഗിക്കാവുന്നതാണ്.

പ്രമുഖ ലൈഫ് സ്റ്റൈൽ കാർഡുകൾ ഇവയാണ്; Amazon ICICI, Flipkart Axis Bank, Axis Bank Ace Credit Card, Snapdeal Bank of Baroda Credit Card.

**റിവാർഡ് കാർഡുകൾ**: വിവിധ തരത്തിലുള്ള റിവാർഡുകൾ, ക്യാഷ്ബാക്ക് എന്നീ രൂപത്തിൽ പ്രതിഫലം നൽകുന്ന കാർഡുകളാണ്. ഉദാ: എസ്ബിഐ ക്യാഷ്ബാക്ക് കാർഡ്.

പ്രചാരത്തിലുള്ള ക്യാഷ് ബാക്ക് കാർഡുകൾ ഇവയാണ്; SBI Cashback, HDFC Millennia Credit Card.

**ഷോപ്പിംഗ് കാർഡുകൾ**: ഓൺലൈൻ, ഓഫ്‌ലൈൻ ഷോപ്പിംഗിനു കൂടുതൽ യോജിച്ച കാർഡുകൾ. ക്യാഷ്ബാക്കും, ഓഫറുകളുമാണ് ഷോപ്പിംഗ് കാർഡുകളുടെ പ്രത്യേകത. ഉദാ. ഫ്ലിപ്കാർട്ട്-ആക്സിസ് ബാങ്ക് കാർഡ്, ആമസോൺ-ഐസിഐസിഐ കാർഡ്.

**യാത്ര കാർഡുകൾ**: യാത്ര ടിക്കറ്റിൽ ഇളവുകൾ, ലോഞ്ച് സൗകര്യം എന്നിവ കൂടുതൽ നൽകുന്ന കാർഡുകൾ. ഐസിഐസിഐ ബാങ്കിന്റെ Make My Trip കാർഡ്, എസ്ബിഐ ഐആർടിസി കാർഡ്, എച്ച്ഡിഎഫ്സി ഇൻഡിഗോ കാർഡ്.

പ്രധാന യാത്ര കാർഡുകൾ ഇവയാണ്; IRCTC SBI Cards, IRCTC BoB Rupay Credit Card, HDFC Regalia Credit Card.

**കോ-ബ്രാൻഡ് കാർഡുകൾ**: വിവിധ കമ്പനികളുമായി സഹകരിച്ചിറക്കുന്ന കാർഡുകൾ. ഷോപ്പിംഗ് സൈറ്റുകൾ, സേവനങ്ങൾ നൽകുന്ന കമ്പനികളുമായി ചേർന്ന് ഇത്തരം കാർഡുകൾ അവതരിപ്പിക്കാറുണ്ട്. അത്തരം സൈറ്റുകളിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ കൂടുതൽ ഇളവുകൾ ലഭിക്കുന്നു. ഉദാ. ബാങ്ക് ഓഫ് ബറോഡ സ്നാപ്പ്ഡീൽ കാർഡ്.

**ഇന്ധന കാർഡുകൾ**: പെട്രോളിയം കമ്പനികളുമായി ചേർന്ന് ബാങ്കുകൾ ചേർന്നിറക്കുന്ന കാർഡുകൾ. ഇന്ധനം (പെട്രോൾ, ഡീസൽ) വാങ്ങുമ്പോൾ ഇളവുകൾ ലഭിക്കും.

പ്രധാന ഇന്ധന കാർഡുകൾ ഇവയാണ്; BPCL SBI Card Octane, Indian Oil Citi Platinum Credit Card, IndianOil Axis Bank Credit Card, BPCL SBI Card, HPCL Bank of Baroda ENERGIE Credit Card.

### ലൈഫ് ടൈം ഫ്രീ കാർഡുകൾ

യാതൊരു വിധ ചാർജുകളും ഈടാക്കാത്ത കാർഡുകളാണ് ലൈഫ് ടൈം ഫ്രീ എന്ന വിഭാഗത്തിൽപ്പെടുന്നത്.

പ്രചാരത്തിലുള്ള ലൈഫ് ടൈം ഫ്രീ കാർഡുകളാണ് ഇവ. Amazon ICICI card, HSBC Visa Platinum Credit Card, BoB Premier Credit Card, AU Bank LIT Credit Card, Bank of Baroda

Easy Rupay Platinum  Card, ICICI Bank Coral Rupay Credit Card, PNB Platinum RuPay Card, ICICI Platinum Chip Credit Card, IndusInd Bank Platinum Aura Edge.

### വെർച്വൽ ക്രെഡിറ്റ് കാർഡ്

സെക്യൂരിറ്റി ചിപ്പ് ഉള്ള പ്ലാസ്റ്റിക് കാർഡ് രൂപത്തിലാണ് ക്രെഡിറ്റ് കാർഡുകൾ ലഭിക്കുന്നത്. ഇതിനും പുറമെ വെർച്വൽ കാർഡ് രൂപത്തിലും ക്രെഡിറ്റ് കാർഡുകൾ ലഭിക്കുന്നുണ്ട്. വെർച്വൽ കാർഡിന് അപേക്ഷിച്ചാൽ കാർഡിന്റെ നമ്പർ, കാലാവധി തീരുന്ന തീയതി, ഉപഭോക്താവിന്റെ പേര് തുടങ്ങിയ വിവരങ്ങൾ മാത്രമാവും ലഭിക്കുക. ഓൺലൈൻ ഇടപാടുകൾക്കാണ് വെർച്വൽ കാർഡ് അനുയോജ്യം.

എച്ച്ഡിഎഫ്സി നെറ്റ് സേഫ്, ആക്സിസ്-കിവി റൂപേ കാർഡ്, ആക്സിസ് ബാങ്ക്-ഫ്രീചാർജ് കാർഡ്, എസ്ബിഐ കോർപ്പറേറ്റ് വെർച്വൽ ക്രെഡിറ്റ് കാർഡ്, ഐസിഐസിഐ ബാങ്ക് വെർച്വൽ കാർഡ്, എച്ച്എസ്ബിസി അഡ്വാന്റേജ് എന്നിവ വെർച്വൽ കാർഡുകൾക്ക് ഉദാഹരണമാണ്.

### ആഡ് ഓൺ കാർഡ്

ക്രെഡിറ്റ് കാർഡ് ഉടമക്ക് ഒരു അധിക കാർഡ് കൂടി നൽകുന്നതാണ് ആഡ് ഓൺ കാർഡ്. കാർഡ് ഉടമയുടെ ഭാര്യക്കോ, കുട്ടികൾക്കോ, അടുത്ത ബന്ധുക്കൾക്കോ അധിക കാർഡ് ഉപയോഗിക്കാം. പുതിയൊരു കാർഡിന് അപേക്ഷിക്കാതെ തന്നെ നിലവിലെ കാർഡ് കൂടുതൽ പേർക്ക് ഉപയോഗിക്കാമെന്നതാണ് മെച്ചം. രണ്ടു കാർഡുകളും ഉപയോഗിച്ച് ചെലവഴിച്ച തുക ഒറ്റ ബിൽ ആയിരിക്കും. ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് കൂടുതൽ പണം ചെലവഴിപ്പിക്കുക എന്നതാണ് ആഡ് ഓൺ കാർഡിന്റെ ഉദ്ദേശം. ആഡ് ഓൺ കാർഡുകൾ ഫീസ് ഈടാക്കിയും, ഈടാക്കാതെയും നൽകുന്നുണ്ട്.

### ഒന്നിലധികം കാർഡുകൾ എടുക്കുന്നത് അനുവദനീയമാണോ?

ഒന്നിലധികം ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നത് അനുവദനീയമാണ്. കാർഡുകൾ ഓരോ ആവശ്യങ്ങളെ  മുൻനിർത്തി പുറത്തിറക്കുന്നവയാണ്. ഓരോ ആവശ്യങ്ങൾക്കും ഉതകുന്ന വെവ്വേറെ കാർഡുകൾ ഉണ്ടായിരിക്കുന്നത് നല്ലതാണ്. സ്വന്തമായി വാഹനമുള്ളവർക്ക് ഇന്ധന കാർഡ് കൂടി ഉണ്ടായിരിക്കുന്നത് സാമ്പത്തിക ലാഭം നേടിക്കൊടുക്കും. ആക്സിസ് എയ്സ് (Axis Ace) കാർഡ് ബില്ലുകൾ ഗൂഗിൾ പേ വഴി അടക്കുമ്പോൾ 5% ഇളവ് നൽകുന്നുണ്ട്. ആമസോൺ വഴി ഷോപ്പിംഗ് കൂടുതൽ നടത്തുന്നവർ ആമസോൺ ഐസിഐസിഐ കാർഡ് ഉപയോഗിക്കുന്നത് കൂടുതൽ പണം ലഭിക്കാൻ സഹായിക്കും. ഓരോ ആവശ്യത്തിനും ഉതകുന്ന കാർഡുകൾ ഉപയോഗിക്കുന്നത് മികച്ച തീരുമാനമായിരിക്കും.

മികച്ച കാർഡ് എന്നൊന്നില്ല. ഉപഭോക്താവിന്റെ ആവശ്യത്തിന് ഉതകുന്ന കാർഡ് തിരഞ്ഞെടുക്കുകയാണ് എളുപ്പ മാർഗം. ഇന്ധന കാർഡുകൾ ഓൺലൈൻ ഷോപ്പിംഗിനു അനുയോജ്യമായിരിക്കില്ല. ഷോപ്പിംഗ് കാർഡുകൾ ഇന്ധനം നിറക്കുമ്പോൾ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ തരണമെന്നില്ല. ഓരോ ആവശ്യത്തിനുതകുന്ന കാർഡുകൾ വാങ്ങി ഉപയോഗിക്കുകയാണ് പ്രായോഗിക മാർഗ്ഗം. ഓരോ ഉപയോഗത്തിനും മികച്ച കാർഡുകൾ എന്ന രീതിയിൽ അവതരിപ്പിക്കുന്നവ  എല്ലാക്കാലത്തും ആനുകൂല്യങ്ങൾ തുടരണമെന്നില്ല. കാർഡുകൾ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാറുണ്ട്. എസ്ബിഐ ക്യാഷ്ബാക്ക് കാർഡ് പുറത്തിറക്കി ഏറെ വൈകാതെ പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുകയുണ്ടായി. ആനുകൂല്യങ്ങൾ കുറച്ച കാർഡുകൾ ക്ലോസ് ചെയ്തൊഴിവാക്കുകയാണ് നല്ലത്.

# ഇന്ധന കാർഡ്

എണ്ണ കമ്പനികളുടെ സഹകരണത്തോടെയാണ് ധനകാര്യ സ്ഥാപനങ്ങൾ ഇന്ധന കാർഡുകൾ പുറത്തിറക്കുന്നത്. തങ്ങളുടെ പമ്പിൽ നിന്നും ഇന്ധനം നിറക്കാൻ ഉപഭോക്താവിനെ പ്രേരിപ്പിക്കാൻ ആനുകൂല്യങ്ങളും, ഇളവുകളും നൽകുകയാണ് ഇന്ധന കാർഡുകളുടെ ഉദ്ദേശം. ഒരു നിശ്ചിത തുകക്ക് ഇന്ധനം വാങ്ങുമ്പോൾ റിവാർഡ് പോയിന്റുകൾ നൽകുന്ന രീതിയാണ് ഫ്യുവൽ കാർഡുകൾ പിന്തുടരുന്നത്. നിശ്ചിത തുക വരുന്ന റിവാർഡ് പോയിന്റുകൾ ഉപയോഗിച്ച് സൗജന്യമായി ഇന്ധനം നിറക്കാവുന്നതാണ്. ഉദാഹരണമായി, സിറ്റി ബാങ്കിന്റെ ഇന്ത്യൻ ഓയിൽ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഇന്ധനം നിറക്കുമ്പോൾ 150 രൂപക്ക് ഒരു റിവാർഡ് പോയിന്റ് ലഭിക്കുന്നു. ഒരു റിവാർഡ് പോയിന്റ് ഒരു രൂപക്ക് തുല്യമാണ്. 10000 രൂപക്ക് ഇന്ധനം നിറക്കുമ്പോൾ 267 പോയിന്റ് ലഭിക്കുന്നു. 267 രൂപക്ക് സൗജന്യമായി ഇന്ധനം ലഭിക്കും.

### ഇന്ധന സർചാർജ്

വിസ, മാസ്റ്റർ പോലെയുള്ള പേയ്മെന്റ് നെറ്റുവർക്കുകൾ ഇടപാടുകൾക്ക് ഇന്ധന പമ്പുകൾക്ക് മേൽ ചുമത്തുന്ന ഫീസാണ് ഇന്ധന സർചാർജ്. ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ഇന്ധനം വാങ്ങുമ്പോൾ സർചാർജ് ഒഴിവാക്കി കൊടുക്കാറുണ്ട്. ഒരു പരിധിക്കു മുകളിലുള്ള തുകക്ക് ഇന്ധനം വാങ്ങുമ്പോഴാണ് സർചാർജ് ഒഴിവാക്കി കൊടുക്കുന്നത്. കൊടക് ഇന്ത്യൻ ഓയിൽ കാർഡ് ഉപയോഗിച്ച് 100 രൂപക്ക് മുകളിൽ ഇന്ധനം വാങ്ങുമ്പോൾ സർചാർജ് ഉണ്ടാവില്ല. ചില കാർഡുകൾ സർചാർജ് ഒഴിവാക്കണമെങ്കിൽ 400 രൂപക്ക് മുകളിൽ ഇന്ധനം വാങ്ങണം.

### ഇന്ധന കാർഡിന്റെ പ്രയോജനങ്ങൾ

ഇന്ധനം നിറക്കാൻ മാത്രമല്ല, ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചുള്ള എല്ലാ ഇടപാടുകൾക്കും ഇന്ധന കാർഡുകൾ അനുയോജ്യമാണ്. ഓൺലൈൻ ഇടപാടുകൾ, ഷോപ്പിംഗ്, എന്നീ കാര്യങ്ങൾക്കും അനുയോജ്യമാണ്. എച്ച്ഡിഎഫ്സി ബാങ്കിന്റെ ഇന്ത്യൻ ഓയിൽ കാർഡ് ഉപയോഗിച്ച് മറ്റിടപാടുകൾ നടത്തുമ്പോൾ കിട്ടുന്ന റിവാർഡ് പോയിന്റുകൾ ഉപയോഗിച്ച് ഇന്ധനം നിറക്കാൻ സാധിക്കും.

ഇന്ധന ഉപയോഗം ഒരു പരിധിക്കു മുകളിലുള്ളവർക്ക് ഫ്യുവൽ കാർഡുകൾ ഉപയോഗപ്രദമാണ്. ഇന്ധന ഉപഭോഗം കുറവുള്ളവർക്ക് കാർഡ് കമ്പനി നൽകുന്ന ആനുകൂല്യങ്ങൾ ഉപയോഗിക്കാൻ സാധിച്ചെന്നു വരില്ല.

ബിപിസിഎൽ എസ്ബിഐ, ഇന്ത്യൻ ഓയിൽ സിറ്റി, ഇന്ത്യൻ ഓയിൽ ആക്സിസ്, ഇന്ത്യൻ ഓയിൽ എച്ച്ഡിഎഫ്സി, എച്ച്പിസിഎൽ ബോബ് എനർജി, സ്റ്റാൻഡേർഡ് ചാർട്ടേർഡ് പ്ലാറ്റിനം റിവാർഡ്സ്, എച്ച്ഡിഎഫ്സി ഭാരത് ക്യാഷ് ബാക്ക് എന്നിവയാണ് പ്രമുഖ ഇന്ധന കാർഡുകൾ.

# റൂപേ കാർഡുകൾ

### എന്താണ് റുപേ പേയ്മെന്റ് നെറ്റ്‌വർക്ക്

പണത്തിന്റെ ഇലക്ട്രോണിക് വിനിമയം സാധ്യമാക്കുന്ന സംവിധാനമാണ് പേയ്മെന്റ് നെറ്റുവർക്കുകൾ. ഒരു ഉൽപ്പന്നം വാങ്ങിയ ശേഷം വില ക്രെഡിറ്റ് / ഡെബിറ്റ് കാർഡ് ഉപയോഗിച്ച് POS മെഷീൻ വഴി നൽകുന്നത് മുതൽ വ്യാപാരിയുടെ ബാങ്ക് അക്കൗണ്ടിൽ എത്തുന്നത് വരെയുള്ള പ്രക്രിയകൾ കൈകാര്യം ചെയ്യുന്നത് പേയ്മെന്റ് നെറ്റുവർക്കാണ്. കാർഡ്, മെഷീനുകൾ, നെറ്റ്‌വർക്ക്, പണം കൈമാറുന്നതിന്റെ മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ, സാങ്കേതികവിദ്യകൾ തുടങ്ങിയ കാര്യങ്ങൾ ചേർന്നതാണ് പേയ്മെന്റ് നെറ്റുവർക്ക്. വിസ, മാസ്റ്റർ, എന്നീ അന്താരാഷ്ട്ര പേയ്മെന്റ് നെറ്റുവർക്ക് സേവനങ്ങളാണ് ഇന്ത്യയിൽ അടുത്ത കാലം വരെ പ്രചാരത്തിൽ ഉണ്ടായിരുന്നത്. ഓരോ ഇടപാടിനും വ്യാപാരിയും, ഉപഭോക്താവും നൽകേണ്ട സേവന നിരക്കുകൾ ഉയർന്നതായിരിന്നു. അന്താരാഷ്ട്ര പേയ്മെന്റ് നെറ്റുവർക്കുകളായ മാസ്റ്റർ, വിസ എന്നിവക്ക് പകരക്കാരനായി ഭാരത സർക്കാരിനു വേണ്ടി നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തയ്യാറാക്കിയ സേവനമാണ് റുപേ (RuPay).

### റൂപേ ക്രെഡിറ്റ് കാർഡുകളുടെ മെച്ചങ്ങൾ

തദ്ദേശീയമായ പേയ്മെന്റ് നെറ്റുവർക്ക് എന്ന ആശയമാണ് റുപേയിലൂടെ നിലവിൽ വന്നത്. 26 മാർച്ച് 2012 ലാണ് റൂപേ നിലവിൽ വന്നത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കു പ്രകാരം ഡെബിറ്റ്-ക്രെഡിറ്റ് കാർഡുകളിൽ 60% വിപണി വിഹിതം റുപേക്കുണ്ട്. എന്ത് കൊണ്ട് റുപേ ക്രെഡിറ്റ് കാർഡുകൾ ആകർഷകമാകുന്നു എന്നത് കൂടി പരിശോധിക്കാം. റുപേ കാർഡുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾ ഭാരത സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇടപാട് മൂല്യത്തിന്റെ 1-3% വരെ മർച്ചന്റ് ഡിസ്കൗണ്ട് നിരക്ക് (MDR) വ്യാപാരികളിൽ നിന്നും ബാങ്കുകൾ ഈടാക്കിയിരുന്നു. ഒരു വ്യാപാരിക്ക് ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ മുഖേന ഉപഭോക്താക്കളിൽ നിന്ന് പേയ്മെന്റുകൾ സ്വീകരിക്കുന്നതിന് അവരുടെ ഇഷ്യു ചെയ്യുന്ന ബാങ്ക് ഈടാക്കുന്ന ഒരു ഫീസാണ് മർച്ചന്റ് ഡിസ്കൗണ്ട് നിരക്ക്. ഈ നിരക്ക് ഉള്ളതിനാൽ വ്യാപാരികൾ ക്രെഡിറ്റ് കാർഡുകൾ വഴി ഇടപാടുകൾ നടത്താൻ വിമുഖത കാണിക്കുന്നുണ്ട്. 2000 രൂപ വരെയുള്ള റുപേ കാർഡ് വഴിയുള്ള ഇടപാടുകളെ മർച്ചന്റ് ഡിസ്കൗണ്ട് നിരക്കിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

റൂപേ ക്രെഡിറ്റ് കാർഡുകളെ യൂപിഐ ആപ്പുമായി ചേർത്ത് ഇടപാടുകൾ നടത്താൻ സാധിക്കും. സേവിങ്സ് അക്കൗണ്ടിൽ പണം ഉണ്ടെങ്കിൽ മാത്രമേ യുപിഐ ഇടപാടുകൾ നടത്താൻ സാധിക്കുമായിരുന്നുള്ളൂ. QR Code സ്കാൻ ചെയ്തും, യുപിഐ ഐഡി ഉപയോഗിച്ചും ക്രെഡിറ്റ് കാർഡിൽ നിന്നും പണം വിനിയോഗം ചെയ്യാൻ സാധിക്കും.

നിലവിൽ ഭീം (BHIM), ഗൂഗിൾ പേ, പേ ടിഎം, മൊബി ക്വിക്ക്, ഫോൺ പേ, എന്നീ ആപ്പുകൾ വഴി റൂപേ ക്രെഡിറ്റ് കാർഡുകളെ ലിങ്ക് ചെയ്യാൻ പറ്റുന്നത്. Bank of Baroda, Canara Bank, HDFC, Indian Bank, Punjab National Bank, Union Bank, Axis Bank, Kotak Mahindra Bank എന്നീ ക്രെഡിറ്റ് കാർഡുകളാണ് യുപിഐ ആപ്പുകളിൽ ചേർക്കാൻ സാധിക്കുന്നത്. ഭാവിയിൽ കൂടുതൽ ബാങ്കുകളുടെ റൂപേ ക്രെഡിറ്റ് കാർഡുകൾ യൂപിഐ ചേർക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാം. വൈകാതെ തന്നെ, കൂടുതൽ ആപ്പുകളിൽ റൂപേ ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചു ഇടപാടുകൾ നടത്താൻ സാധിക്കും.

ക്രെഡിറ്റ് കാർഡ് ഇടപാടുകൾ കൂടുതൽ നടക്കുമെന്നതും, വിപണിയിൽ കൂടുതൽ പണം എത്തുമെന്നതാണ് റൂപേ കാർഡ്-യൂപിഐ ലിങ്കിംഗ് കൊണ്ടുള്ള നേട്ടങ്ങൾ.

### റൂപേ ക്രെഡിറ്റ് കാർഡുകൾ എങ്ങിനെ ലഭിക്കും?

പൊതുമേഖലയിലും, സ്വകാര്യ മേഖലയിലുമുള്ള ബാങ്കുകൾ റൂപേ ക്രെഡിറ്റ് കാർഡുകൾ പുറത്തിറക്കിയിട്ടുണ്ട്. ബാങ്കുകളുടെ വെബ്സൈറ്റ് വഴിയോ, നേരിട്ട് ബാങ്ക് സന്ദർശിച്ചോ റൂപേ ക്രെഡിറ്റ് കാർഡിനുള്ള അപേക്ഷ നൽകാവുന്നതാണ്. പൊതുമേഖല ബാങ്കുകളാണ് റൂപേ ക്രെഡിറ്റ് കാർഡുകൾ കൂടുതൽ പുറത്തിറക്കുന്നത്.

ക്ലാസ്സിക്, പ്ലാറ്റിനം, സെലക്ട് എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായാണ് റൂപേ കാർഡ് ലഭിക്കുന്നത്. ഓരോ വിഭാഗത്തിനും അതിന്റെതായ പ്രത്യേകതകളും, ഓഫറുകളും ഉണ്ടായിരിക്കും.

### പ്രമുഖ റൂപേ ക്രെഡിറ്റ് കാർഡുകൾ

പ്രമുഖ റൂപേ ക്രെഡിറ്റ് കാർഡുകളെ ഇവിടെ പരിചയപ്പെടുത്തുന്നു. വാർഷിക ഫീസിന്റെ കാര്യങ്ങൾ മാത്രമേ ഇവിടെ കൊടുത്തിട്ടുള്ളൂ. കാർഡിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അതത് ബാങ്കിന്റെ വെബ്സൈറ്റിൽ നിന്നും പരിശോധിക്കാവുന്നതാണ്.

പേയ്മെന്റ് ആപ്പുകൾ വഴി യുപിഐ ലിങ്ക് ചെയ്യാൻ പറ്റുന്ന കാർഡുകൾ ഇവയാണ്.

**PNB Platinum RuPay Card**: നാല് മാസത്തിൽ ഒരിക്കലെങ്കിലും ഉപയോഗിക്കുകയാണെങ്കിൽ ഫീസ് ഈടാക്കുന്നതല്ല.

**PNB Select Credit Card**: 500 രൂപ ചേരുമ്പോൾ അടക്കണം. നാല് മാസത്തിൽ ഒരിക്കലെങ്കിലും ഉപയോഗിക്കുകയാണെങ്കിൽ ഫീസ് ഈടാക്കുന്നതല്ല.

**Union Platinum RuPay Card**: 299 രൂപ വാർഷിക ഫീസ് ഉണ്ട്.

**Union Select RuPay Card**: 499 രൂപ വാർഷിക ഫീസ് ഉണ്ട്.

**Indian Bank RuPay Cards**: മൂന്ന് തരം റൂപേ ക്രെഡിറ്റ് കാർഡുകൾ ഇന്ത്യൻ ബാങ്കിനുണ്ട്.

**HDFC Bharat Credit Card**: വാർഷിക ഫീസ് 500 രൂപയാണ്.

**IndianOil HDFC Bank Credit Card**: ഇന്ധനം വാങ്ങുമ്പോൾ ഇളവ് ലഭിക്കുന്ന കാർഡ്.

മറ്റു ബാങ്കുകളുടെ റൂപേ ക്രെഡിറ്റ് കാർഡുകൾ

**ICICI Coral RuPay Credit Card**: തുടക്കക്കാർക്ക് അനുയോജ്യമായ ഐസിഐസിഐ ബാങ്കിന്റെ റൂപേ കാർഡാണിത്.

**Federal Bank Rupay Signet Credit Card**: കേരളത്തിൽ രൂപീകരിച്ച ബാങ്ക് ആയതിനാൽ മലയാളികൾക്ക് പ്രിയപ്പെട്ടതാണ് ഫെഡറൽ ബാങ്ക്.

**BOB Snapdeal RuPay card**: 249 രൂപ മാത്രം വാർഷിക ഫീസുള്ള, ക്യാഷ്ബാക്ക് തരുന്ന കാർഡ് ആണ്.

**Bank of Baroda Easy**, **Bank of Baroda Premier** എന്നീ കാർഡുകൾ തുടക്കക്കാർക്ക് പറ്റിയ റൂപേ ക്രെഡിറ്റ് കാർഡുകളാണ്. യാത്ര ആവശ്യത്തിനുള്ള IRCTC BoB എന്ന യാത്രാ ആവശ്യത്തിനുള്ളതും, HPCL BoB ENERGIE എന്ന ഇന്ധന കാർഡും റൂപേ വിഭാഗത്തിൽ ബാങ്ക് ഓഫ് ബറോഡ നൽകുന്നു.

**IRCTC SBI RuPay Credit Card**: IRCTC വഴി റെയിൽവേ ടിക്കറ്റ് എടുക്കുമ്പോൾ ഇളവുകൾ ലഭിക്കുന്ന കാർഡ്.

റൂപേ കാർഡുകൾ ഏതൊക്കെയെന്ന് അറിയുന്നതിന് റൂപേ വെബ്സൈറ്റ്, www.rupay.co.in സന്ദർശിച്ചാൽ മതിയാവും.

മാസ്റ്റർ, വിസ ഇനത്തിൽപ്പെട്ട കാർഡുകൾ റൂപേ കാർഡ് വിഭാഗത്തിലേക്ക് അപേക്ഷ നൽകി മാറ്റാൻ സാധിക്കും. ഉപയോഗിക്കുന്ന കാർഡിന് നിലവിൽ ഈ സൗകര്യം ഉണ്ടോയെന്ന് കസ്റ്റമർ കെയറിൽ വിളിച്ചു അറിഞ്ഞ ശേഷം, അപേക്ഷ ഇമെയിലായി അയച്ചു കൊടുത്താൽ മതിയാവും. നിലവിലെ കാർഡ് മറ്റൊരു റൂപേ കാർഡിലേക്ക് പരിവർത്തനം ചെയ്യാനും സാധിക്കും. ബാങ്ക് ഓഫ് ബറോഡയുടെ സെലക്ട് എന്ന കാർഡ് മാസ്റ്റർ പേയ്മെന്റ് നെറ്റ്വർക്കിലാണ് പ്രവർത്തിക്കുന്നത്. ബാങ്ക് ഓഫ് ബറോഡയുടെ റൂപേ കാർഡുകളായ ഈസി, പ്രീമിയർ കാർഡുകളിലേക്ക് അപ്ഗ്രേഡ് ചെയ്യാവുന്നതാണ്.

# കാർഡ് കമ്പനികളുടെ വരുമാനം

ധനകാര്യ സ്ഥാപനങ്ങൾക്ക് വിവിധ മാർഗ്ഗങ്ങളിലൂടെ ക്രെഡിറ്റ് കാർഡുകൾ വരുമാനം നേടിക്കൊടുക്കുന്നുണ്ട്. താഴെ പറയുന്നവയാണ് ക്രെഡിറ്റ് കാർഡുകളുടെ വരുമാന സ്രോതസ്സുകൾ.

### ഫീസുകൾ

ജോയിനിംഗ് ഫീസ്, വാർഷിക ഫീസ്, എടിഎം വഴി പണം പിൻവലിക്കുമ്പോൾ ഈടാക്കുന്ന ഫീസ്, ക്രെഡിറ്റ് കാർഡ് ബാലൻസ് മറ്റൊരു കാർഡിലേക്ക് മാറ്റാൻ ഈടാക്കുന്ന ഫീസ്, ബിൽ തുക അടക്കാൻ താമസിച്ചാൽ ഈടാക്കുന്ന ഫീസ്, വിദേശ കറൻസി ഇടപാടുകൾ നടത്തുമ്പോഴുള്ള ഫീസ്, എന്നിങ്ങനെ വിവിധ അവസരങ്ങളിൽ വരുമാനം കാർഡ് കമ്പനികൾക്ക് ലഭിക്കുന്നുണ്ട്.

### പലിശ

ബിൽ അടച്ചില്ലെങ്കിൽ ലഭിക്കുന്ന പലിശയാണ് കാർഡ് കമ്പനികളുടെ പ്രധാന വരുമാന മാർഗ്ഗം. 30% മുതൽ 40% വരെ വാർഷിക പലിശയാണ് ബിൽ തുകയടച്ചില്ലെങ്കിൽ ഉപഭോക്താവിൽ നിന്നും ഈടാക്കുന്നത്. ഓരോ ദിവസവും പലിശ ഈടാക്കും.

### മെർച്ചന്റ് ഫീസ്

ഒരു ഷോപ്പിൽ നിന്നും ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് സാധനം വാങ്ങുമ്പോൾ, ബിൽ തുകയുടെ 2-3 ശതമാനം വരെ മെർച്ചന്റ് ഫീസ് എന്നയിനത്തിൽ ബാങ്ക് എടുക്കുന്നു, ഇതിന്റെ ഒരു ഭാഗം കാർഡ് നെറ്റുവർക്കുകളുടെ (വിസ, മാസ്റ്റർ, റൂപേ) ഫീസായും നൽകുന്നു.

### ബ്രാൻഡുകളുമായുള്ള സഹകരണം

മറ്റു കമ്പനികളുമായി സഹകരിച്ചു കോ-ബ്രാൻഡ് കാർഡുകൾ പുറത്തിറക്കുമ്പോൾ ആ കമ്പനിയുടെ ഉപക്താക്കളെ കാർഡിലേക്ക് ആകർഷിക്കാൻ സാധിക്കുന്നു. ആമസോൺ ഓൺലൈൻ ഷോപ്പിംഗ് കമ്പനി, ഐസിഐസിഐ ബാങ്കുമായി ചേർന്നിറക്കിയ ക്രെഡിറ്റ് കാർഡിന് വലിയ സ്വീകാര്യതയാണ് ലഭിച്ചത്. ആക്സിസ് ബാങ്ക്-ഫ്ലിപ്കാർട്ട് കാർഡും വലിയ പ്രചാരമാണ് നേടിയത്. ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ വിവിധ ക്രെഡിറ്റ് കാർഡ് കമ്പനികളുമായി ചേർന്നാണ് പലിശയില്ലാത്ത തവണ വ്യവസ്ഥയിൽ (No Cost EMI) ഉൽപ്പന്നങ്ങൾ ഉപഭോക്താക്കൾക്ക് വിൽക്കുന്നത്. ഉദാഹരണമായി, എൽജി ഇലക്ട്രോണിക്സ് കമ്പനി എച്ച്ഡിഎഫ്സി ബാങ്കുമായി ചേർന്നാണ് തവണ വ്യവസ്ഥയിൽ ഉൽപ്പന്നങ്ങൾ വിൽക്കാൻ വേണ്ട സൗകര്യം ഒരുക്കുന്നത്. എച്ച്ഡിഎഫ്സി ബാങ്കിനാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കൾ ഉള്ളത്. രണ്ടു കമ്പനികളും സഹകരിക്കുന്നതിലൂടെ വ്യാപാര നേട്ടങ്ങൾ ഉണ്ടാകാൻ ഇടയാകുന്നു.

ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന വിവിധ ചാർജുകളാണ് കാർഡ് കമ്പനികളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. കാർഡ് ഉടമക്കുണ്ടാകുന്ന നഷ്ടമാണ് കാർഡ് കമ്പനികളുടെ ലാഭം. അതിനാൽ, ക്രെഡിറ്റ് കാർഡ് കമ്പനികൾക്ക് നേട്ടമുണ്ടാക്കികൊടുക്കാനുള്ള അവസരങ്ങൾ ഉപഭോക്താവ് ഒഴിവാക്കുകയാണ് ഉത്തമ മാർഗ്ഗം!!!

# ക്രെഡിറ്റ് കാർഡുകളുടെ തിരിച്ചടവ്

### എത്ര ദിവസത്തേക്കാണ് ക്രെഡിറ്റ് കാർഡ് പണം കടം നൽകുന്നത്?

മുപ്പത് ദിവസത്തെ ഇടപാടുകളാണ് ബിൽ ചെയ്യുന്നത്. എല്ലാ മാസവും ഒരു നിശ്ചിത ദിവസം ബിൽ തയ്യാറാക്കുന്നു. ബാങ്കാണ് ബിൽ തയ്യാറാക്കുന്ന തീയതി നിശ്ചയിക്കുന്നത്. അപേക്ഷ അനുവദിക്കുന്ന സമയത്താണ് ബിൽ തീയതി ഏതെന്നു തീരുമാനിക്കുന്നത്. എല്ലാ മാസവും, ഇതേ തീയതിയിൽ ബിൽ തയ്യാറാക്കും. ബിൽ തീയതി പിന്നീട് മാറ്റാൻ ബാങ്കുകൾ സമ്മതിക്കില്ല. ഉദാ. ജനുവരി 1 മുതൽ 30 തീയതി വരെ ഒരു ബില്ലിംഗ് സൈക്കിൾ ആണെങ്കിൽ. മുപ്പതാം തീയതി ബിൽ തയ്യാറാക്കുന്നു. ബിൽ തുക അടക്കാൻ 20 ദിവസം കൂടി നൽകുന്നു, ഫെബ്രുവരി 20 വരെ. ചുരുക്കം പറഞ്ഞാൽ 50 ദിവസത്തേക്ക് പലിശയില്ലാതെ പണം കടം നൽകുകയാണ് ബാങ്ക് ചെയ്യുന്നത്.

### ക്രെഡിറ്റ് കാർഡ് ബിൽ

ക്രെഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റ് അഥവാ ബിൽ, ഇമെയിൽ, തപാൽ മാർഗം ഉപഭോക്താവിനു അയച്ചു കൊടുക്കും. തപാൽ മാർഗം ക്രെഡിറ്റ് കാർഡ് ബിൽ അയച്ചു കൊടുക്കുന്ന രീതി ബാങ്കുകൾ നിർത്തിയിട്ടുണ്ട്. എസ്എംഎസ് ആയി ബിൽ തുക എത്രയെന്നു അറിയിപ്പും നൽകും. ക്രെഡിറ്റ് കാർഡ് ആപ്പ് വഴിയും ബിൽ വിവരങ്ങൾ അറിയാം.

ഓരോ ഇടപാടുകളുടേയും വിവരങ്ങളും, തുകയും ബില്ലിൽ ഉൾപ്പെടുത്തിയിരിക്കും. അടക്കേണ്ട തുക, തുക സ്വീകരിക്കുന്ന അവസാന ദിവസം എന്നീ വിവരങ്ങൾ ബില്ലിൽ ഉണ്ടാവും. ബിൽ തുക അടക്കാൻ സാധിക്കാത്തവർക്ക്, അടക്കേണ്ട കുറഞ്ഞ തുക (Minimum Due) എത്രയെന്ന് പറഞ്ഞിട്ടുണ്ടാവും. മുഴുവൻ ബിൽ തുകയുടെ അഞ്ചു ശതമാനമായിരിക്കും അടക്കേണ്ട കുറഞ്ഞ തുക. കുറഞ്ഞ തുക അടച്ചാൽ ബിൽ അടക്കാത്തതിന്റെ പിഴത്തുകയിൽ നിന്ന് ഒഴിവായി കിട്ടും. ബിൽ അടക്കാത്തത് വിവരം ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളിൽ റിപ്പോർട്ട് ചെയ്യുകയുമില്ല. എന്നിരുന്നാലും, അടക്കേണ്ട തുകക്ക് പിഴ പലിശ തുടർന്നും ഈടാക്കുക തന്നെ ചെയ്യും. ബിൽ അടക്കുന്നതിൽ മുടക്കം വരുത്തിയാൽ 3 മുതൽ 4 ശതമാനം വരെ മാസ പലിശ ഈടാക്കും.

ക്രെഡിറ്റ് കാർഡുകളുടെ വാർഷിക ഫീസ്, മറ്റു ഫീസുകൾ എന്നിവ ബില്ലിൽ ഒരിനമായി ഉൾപ്പെടുത്തിയാണ് ലഭിക്കുക.

### ക്രെഡിറ്റ് കാർഡ് ബിൽ തുക എങ്ങിനെയാണ് അടക്കേണ്ടത്?

ക്രെഡിറ്റ് കാർഡിന്റെ വെബ്സൈറ്റിൽ തന്നെ അടക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും. ബാങ്ക് നൽകുന്ന ക്രെഡിറ്റ് കാർഡ് ആപ്പ് വഴി നേരിട്ട് ബിൽ തുകയടക്കാം. മൊബി ക്വിക്, ക്രെഡ് (CRED), പേടിഎം, ആമസോൺ പേ, ഫോൺ പേ, ചെക്ക് തുടങ്ങിയ ആപ്പുകൾ വഴിയും ക്രെഡിറ്റ് കാർഡ് ബിൽ അടക്കാവുന്നതാണ്. മറ്റ് ആപ്പുകൾ വഴി ബിൽ അടക്കുമ്പോൾ ക്യാഷ് ബാക്ക് അടക്കമുള്ള ഓഫറുകൾ ലഭിക്കാറുണ്ട്. ഓരോ പേമെന്റ് ആപ്പുകളും ഉപയോഗിക്കുന്ന പേമെന്റ് പ്ലാറ്റുഫോം വ്യത്യാസമുണ്ട്, പണമടച്ചാൽ ബാങ്കിന് ലഭിക്കുന്നത് ഏതാനും ദിവസങ്ങൾക്കു ശേഷമായിരിക്കും (ഉദാ. ഗൂഗിൾ പേ). നാലു ദിവസത്തിന് മുൻപ് എങ്കിലും ബിൽ തുകയടക്കാൻ ശ്രമിക്കുക.

ഇന്റർനെറ്റ് ബാങ്കിങ്, യൂപിഐ, ഡെബിറ്റ് കാർഡ്, വാലറ്റുകൾ എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ബിൽ തുക അടക്കാവുന്നതാണ്.

ബാങ്ക് സേവിങ്സ് അക്കൗണ്ടിൽ നിന്നും നേരിട്ട് ബിൽ തുക എല്ലാ മാസവും അടക്കുന്നതിനുള്ള സൗകര്യം (Standing Instruction) ഒരുക്കാവുന്നതാണ്.

### ക്രെഡിറ്റ് കാർഡ് വഴി ചെലവാക്കിയ തുക മുൻകൂറായി അടക്കാൻ സാധിക്കുമോ?

ബിൽ തയ്യാറാക്കുന്നതിന് മുൻപ് ചെലവാക്കിയ തുക മുഴുവനായോ തവണകളായോ അടക്കാവുന്നതാണ്. ബിൽ വന്നതിനു ശേഷവും, തുക മുഴവനായോ, തവണകളായോ അവസാന തീയതിക്ക് മുൻപായി അടക്കാം.

ബിൽ തുകയേക്കാൾ അധികം തുക അടച്ചിട്ടുണ്ടെങ്കിൽ, അധികമുള്ള പണം അടുത്ത മാസത്തെ ബില്ലിൽ കുറച്ചു കൊടുക്കും.

### ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് കൊണ്ട് ക്രെഡിറ്റ് കാർഡ് ബിൽ അടക്കാൻ പറ്റുമോ?

യൂട്ടിലിറ്റി ബില്ലുകൾ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് അടക്കാമെങ്കിലും, ക്രെഡിറ്റ് കാർഡ് ബിൽ തുകയടക്കാൻ പറ്റില്ല. ചില പേയ്മെന്റ് ആപ്പുകൾ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് ക്രെഡിറ്റ് കാർഡ് ബിൽ അടക്കാനുള്ള സൗകര്യം നൽകുന്നുണ്ട്, ഉദാ. മോബിക്വിക്ക് (MobiKwik). ക്രെഡിറ്റ് കാർഡ് ഉപയോഗിച്ചു ബിൽ അടക്കുന്നതിനു ചാർജ് ഈടാക്കും, മൊത്തം തുകയുടെ ഒരു നിശ്ചിത ശതമാനം സേവനം നൽകുന്ന കമ്പനി എടുക്കും.

### ബിൽ തുക അടച്ചില്ലെങ്കിൽ എന്ത് സംഭവിക്കും?

ബിൽ തുകയടച്ചില്ലെങ്കിൽ പിഴത്തുക ചുമത്തും, പലിശ നൽകേണ്ടി വരും, ക്രെഡിറ്റ് ലിമിറ്റ് കുറയും, ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളെ ബാങ്ക് ഈ  വിവിവരം അറിയിക്കുകയും, ക്രെഡിറ്റ് സ്കോറിനെ സാരമായി ബാധിക്കുകയും ചെയ്യും. അവസാന ശ്രമം എന്ന നിലയിൽ ബാങ്ക് നിയമ നടപടിയിലേക്കു നീങ്ങാം. മോശം ക്രെഡിറ്റ് സ്കോർ കാരണം ലോണുകൾ തരാൻ ബാങ്കുകൾ വിസമ്മതിക്കും.

അവസാന തീയതിക്ക് മുൻപേ ബിൽ തുകയടിച്ചില്ലെങ്കിൽ ഉയർന്ന പലിശയാണ് ബാങ്കുകൾ ഈടാക്കുന്നത്, 40% മുതൽ 55% വരെ വാർഷിക പലിശ ഈടാക്കാറുണ്ട്. പേഴ്സണൽ ലോണുകൾക്കു പരമാവധി വാർഷിക പലിശ 13% വരെയാണെന്നു ഓർക്കുക. താമസിച്ചു ബിൽ അടച്ചാൽ പിഴ തുക ഈടാക്കുന്നുണ്ട്. ഓരോ ക്രെഡിറ്റ് കാർഡ് ഇനത്തിനും വിവിധ പലിശ നിരക്കാണ് ഈടാക്കുന്നത്. പലിശ നിരക്ക് എത്രയെന്നു ബാങ്ക് വെബ്സൈറ്റിൽ നിന്നും അറിയാൻ സാധിക്കും.

### ക്രെഡിറ്റ് കാർഡ് ബിൽ അടക്കാൻ പണമില്ല, എന്ത് ചെയ്യും?

ക്രെഡിറ്റ് കാർഡ് ബിൽ അടച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ പറഞ്ഞു കഴിഞ്ഞു. ക്രെഡിറ്റ് കാർഡ് കൊണ്ട് തന്നെ പണം കണ്ടെത്താൻ ചില പരിഹാര മാർഗ്ഗങ്ങൾ ഉണ്ട്. പേയ്മെന്റ് ആപ്പുകൾ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വീട്ടുവാടക, ട്യൂഷൻ ഫീ അടക്കാനുള്ള സൗകര്യം നൽകുന്നുണ്ട്. അതുപയോഗിച്ചു കൊണ്ട് മറ്റൊരാളിന്റെ അക്കൗണ്ടിലേക്കു പണം കൈമാറാം. കൈമാറുന്ന തുകക്ക് കമ്മീഷൻ (ഉദാ. 1%) നൽകേണ്ടി വരും.

മോബി ക്വിക് (Mobikwik)എന്ന ആപ്പ് ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് നേരിട്ട് ബിൽ തുക അടക്കാൻ സമ്മതിക്കും. ചെറിയൊരു കമ്മീഷൻ ഈടാക്കുമെന്ന് മാത്രം.

പേടിഎം ആപ്പ് ക്രെഡിറ്റ് കാർഡിൽ നിന്നും വാലറ്റിലേക്കു പണം കൈമാറാൻ സാധിക്കും. ക്രെഡിറ്റ് കാർഡ് ബിൽ തുക വാലറ്റിൽ നിന്നും അടക്കാൻ കഴിയും.

ചില ആപ്പുകൾ ക്രെഡിറ്റ് കാർഡിൽ നിന്നും ബാങ്ക് അക്കൗണ്ടിലേക്ക് പണം കൈമാറാൻ അനുവദിക്കുന്നുണ്ട്, ഉദാ. ഭാരത് നെക്സ്റ്റ് (BharatNxt). അത്തരം ആപ്പ് ഉപയോഗിച്ച്, സ്വന്തം ബാങ്ക് അക്കൗണ്ടിലേക്കു പണം കൈമാറാൻ പറ്റില്ല, ബന്ധുക്കളുടേയോ, സുഹൃത്തുക്കളുടേയോ ബാങ്ക് അക്കൗണ്ടിലേക്കു പണം കൈമാറിയ ശേഷം ബിൽ അടക്കുക.

ക്രെഡിറ്റ് കാർഡ് അടവ് മുടക്കിയാലുള്ള പലിശ ഉയർന്നതായതിനാൽ, അതിലും കുറഞ്ഞ പലിശയുള്ള പേഴ്സണൽ ലോൺ എടുത്തു ബിൽ തുക അടക്കുകയെന്നത് പ്രായോഗികമായ മാർഗ്ഗമാണ്.

***ഭൂരിഭാഗം ആൾക്കാരും ക്രെഡിറ്റ് കാർഡ് എടുക്കാൻ മടിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?***

ക്രെഡിറ്റ് കാർഡ് കൂടുതൽ സാധനങ്ങൾ വാങ്ങാൻ പ്രേരിപ്പിക്കുമെന്നും, ബിൽ തുക അടക്കാൻ സാധിക്കാതെ വരുമോ എന്ന ഭയമാണ് മിക്കവരേയും പിന്നാക്കം വലിക്കുന്നത്.

# ക്രെഡിറ്റ് കാർഡ് തവണ വ്യവസ്ഥ

ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് തവണ വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങുന്നത് വളരെ പ്രചാരം നേടിയിട്ടുണ്ട്. ക്രെഡിറ്റ് കാർഡ് ഇഎംഐ (Equated Monthly Installment) എന്നാണ് തവണ വ്യവസ്ഥ അറിയപ്പെടുന്നത്. ഗൃഹോപകാരങ്ങളും മറ്റും ഒരുമിച്ചു പണമടക്കാതെ മാസ തവണ വ്യവസ്ഥയിൽ അടച്ചു കൊണ്ട് വാങ്ങാൻ സാധിക്കുന്നത് ഉപഭോക്താവിനെ സംബന്ധിച്ച് സൗകര്യപ്രദമാണ്. ഓൺലൈൻ വിൽപ്പനക്കാരും, പ്രാദേശിക വ്യാപാര സ്ഥാപനങ്ങളും, ക്രെഡിറ്റ് കാർഡ് തവണ വ്യവസ്ഥയിൽ സാധനങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. തവണ വ്യവസ്ഥയിൽ വിൽപ്പന നടത്തുന്നത് കച്ചവടം കൂടുതൽ നടക്കുന്നതിനും കാരണമാകുന്നു.

### ക്രെഡിറ്റ് കാർഡ് തവണ വ്യവസ്ഥ പ്രവർത്തിക്കുന്നതെങ്ങിനെയാണ്

വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ വിലക്ക് തുല്യമായ തുക ക്രെഡിറ്റ് കാർഡിൽ ബാലൻസ് ഉണ്ടായിരിക്കണം. 20000 രൂപ വിലയുള്ള ഫോൺ തവണ വ്യവസ്ഥയിൽ വാങ്ങാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, ക്രെഡിറ്റ് കാർഡ് ലിമിറ്റ് 20000 രൂപയെങ്കിലും ഉണ്ടായിരിക്കണം. 100000 രൂപ ലിമിറ്റുള്ള കാർഡിൽ 85000 ചെലവാക്കി കഴിഞ്ഞു 15000 രൂപ മാത്രമേ മിച്ചം ഉണ്ടാവുകയുള്ളൂ. 15000 രൂപ മിച്ചമുള്ള കാർഡ് ഉപയോഗിച്ച് 20000 രൂപ വിലയുള്ള ഫോൺ തവണ വ്യവസ്ഥയിൽ വാങ്ങാൻ സാധിക്കുകയില്ല.

ഉൽപ്പന്നം വാങ്ങുമ്പോൾ തന്നെ തവണ വ്യവസ്ഥയിൽ വാങ്ങാൻ സാധിക്കും. ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിൽ ഓരോ ഉൽപ്പന്നത്തിനൊപ്പം തവണ വ്യവസ്ഥയുണ്ടെന്നു സൂചിപ്പിച്ചിരിക്കും. ഷോപ്പുകളിൽ ഇടപാട് നടത്തിക്കഴിഞ്ഞ ശേഷം സ്വൈപ്പിംഗ് മെഷീൻ ഉപയോഗിച്ച് പണമടക്കുന്ന സമയത്തു ഉൽപ്പന്ന വില തവണ വ്യവസ്ഥയിലേക്ക് മാറ്റാനുള്ള സൗകര്യം ഉണ്ട്. ഉൽപ്പന്നത്തിന്റെ മൊത്തം വില ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് അടച്ച ശേഷം തവണ വ്യവസ്ഥയിലാക്കാനും സാധിക്കും. ക്രെഡിറ്റ് കാർഡ് ആപ്പ് വഴിയോ, കസ്റ്റമർ കെയർ വഴിയോ തവണ വ്യവസ്ഥയിലേക്കു മാറ്റാൻ ഉപഭോക്താവിന് കഴിയും. പലിശയുള്ളതും, ഇല്ലാത്തതുമായ തവണ വ്യവസ്ഥകൾ നിലവിലുണ്ട്. ഉൽപ്പന്നം വാങ്ങുമ്പോൾ തന്നെ തവണ വ്യവസ്ഥ ലഭ്യമായ ഇടങ്ങളിൽ കുറഞ്ഞ പലിശയോ, പലിശ രഹിതമായോ ലഭിക്കാൻ ഇടയുണ്ട്. ഉൽപ്പന്നം വാങ്ങിയ ശേഷം തവണ വ്യവസ്ഥയിലേക്കു മാറ്റുമ്പോൾ പലിശ കൂടുതലായിരിക്കും. 14 മുതൽ 20 ശതമാനം വരെ ഇഎംഐ പലിശയായി ബാങ്കുകൾ ഈടാക്കാറുണ്ട്. കുറഞ്ഞ തവണകൾ ഉള്ള ഇഎംഐ ലോണുകൾക്ക് പലിശ കുറവായിരിക്കും, തവണകളുടെ എണ്ണം കൂടുതലുള്ള ലോണിന് പലിശ നിരക്ക് ഉയർന്നതായിരിക്കും. 3 മുതൽ 24 വരെയുള്ള തവണകളാണ് ബാങ്കുകൾ നൽകുന്നത്.

### പലിശ രഹിത ഇഎംഐ

പലിശ രഹിത തവണ വ്യവസ്ഥ വളരെ ആകർഷകമാണ്. നിർമ്മാതാക്കളും, ക്രെഡിറ്റ് കാർഡ് കമ്പനികളും ചേർന്നാണ് തവണ വ്യവസ്ഥ നടപ്പിലാക്കുന്നത്. ക്രെഡിറ്റ് കാർഡിന്റെ പ്രചാരത്തിനും, ഉൽപ്പന്നങ്ങൾ വേഗം വിറ്റു തീർക്കാനും പലിശ രഹിത തവണ വ്യവസ്ഥ സഹായിക്കുന്നു.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

തവണ വ്യവസ്ഥയിൽ ഉൽപ്പന്നം വാങ്ങിക്കഴിയുമ്പോൾ മുഴുവൻ വിലയും ക്രെഡിറ്റ് കാർഡിൽ നിന്നും കുറയുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞ ശേഷമാവും തവണ വ്യവസ്ഥയിലേക്ക് മാറ്റുന്നത്. തവണ വ്യവസ്ഥ ആയിരുന്നിട്ടും, മുഴുവൻ വിലയും കാർഡിൽ നിന്ന് കുറയുന്നതു തുടക്കക്കാരായ ഉപഭോക്താക്കളെ പരിഭ്രാന്തരാക്കാറുണ്ട്. ഉൽപ്പന്നത്തിന്റെ വില ക്രെഡിറ്റ് ബാലൻസിൽ കുറയുന്നു. ഉദാഹരണമായി, 100000 രൂപ ലിമിറ്റുള്ള ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് 20000 രൂപയുടെ ഉൽപ്പന്നം വാങ്ങുമ്പോൾ, ക്രെഡിറ്റ് ബാലൻസ് 80000 രൂപയായി കുറയുന്നു. ഓരോ മാസവും തവണകൾ അടഞ്ഞു കഴിയുമ്പോൾ ക്രെഡിറ്റ് ബാലൻസ് കൂടി വരും.

തവണകൾ ഓരോ മാസത്തേയും ബില്ലിൽ ഉൾപ്പെടുത്തിയിരിക്കും. ബിൽ തുകയോടൊപ്പം മാസത്തവണയും അടക്കണം. മാസത്തവണ പ്രത്യേകമായി അടക്കേണ്ടതില്ല. അടക്കേണ്ട തുക, പലിശ, പ്രോസസ്സിംഗ് ഫീസ് എന്നിവ അടങ്ങിയതാണ് ഒരു മാസത്തെ ഇഎംഐ തുക. ഏതാനും തവണകൾ അടച്ച ശേഷം മിച്ചമുള്ള തുക ഒരുമിച്ചു അടച്ചു തീർക്കാനും സാധിക്കും. മിച്ചമുള്ള തുകയുടെ ഒരു നിശ്ചിത ശതമാനം തുക കൂടി അടച്ചു കൊണ്ട് ലോൺ തീർക്കാവുന്നതാണ്. 3% ശതമാനം വരുന്ന തുക അടച്ചു കൊണ്ട് മിക്ക ബാങ്കുകളും ഇഎംഐ ലോൺ മുന്നേ അടച്ചു തീർക്കാൻ അനുവദിക്കും. ഇഎംഐ ഇടപാടുകൾക്ക് ക്രെഡിറ്റ് കാർഡ് നൽകുന്ന റിവാർഡ് പോയിന്റുകൾ ലഭിക്കുകയില്ല.

# ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യുന്ന വിധം

വിവിധ കാരണങ്ങൾ കൊണ്ട് ക്രെഡിറ്റ് കാർഡ് സേവനം അവസാനിപ്പിക്കേണ്ട സാഹചര്യം ഉണ്ടാവാം. കാർഡുകളുടെ ബാഹുല്യം, ഫീസ് വർദ്ധന, ഓഫറുകൾ ഇല്ലാത്ത കാർഡുകൾ, എന്നിങ്ങനെ വിവിധ കാരണങ്ങൾ കൊണ്ട് ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യാനുള്ള തീരുമാനം എടുക്കാൻ നിർബന്ധിതരാകും. കാർഡ് സേവനങ്ങൾ അവസാനിപ്പിക്കുന്നതിന് മുൻപ് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

**ഓട്ടോ ഡെബിറ്റ് പേയ്മെന്റുകൾ ക്യാൻസൽ ചെയ്യുക:** നെറ്റ്ഫ്ലിക്സ് പോലെയുള്ള സർവീസുകളിൽ വരിസംഖ്യ എല്ലാ മാസവും തനിയെ അടഞ്ഞു പോകുന്നതിനായി ക്രെഡിറ്റ് കാർഡ് ചേർത്തിട്ടുണ്ടെങ്കിൽ മാറ്റുക. ക്രെഡിറ്റ് കാർഡ് ക്യാൻസൽ ആയിക്കഴിഞ്ഞ ശേഷം ബിൽ അടവ് നടക്കുന്നില്ലെങ്കിൽ പിഴത്തുക വരുന്നത് ഒഴിവായിക്കിട്ടും.

**ക്യാഷ്ബാക്ക്, റിവാർഡുകൾ ഉപയോഗിച്ച് തീർക്കുക:** ക്ലോസ് ചെയ്യാൻ പോകുന്ന ക്രെഡിറ്റ് കാർഡിൽ ക്യാഷ് ബാക്ക്, റിവാർഡ് പോയിന്റുകൾ ഉണ്ടെങ്കിൽ അവ ഉപയോഗിച്ച് തീർക്കുക.

**ബിൽ തുക പൂർണ്ണമായും അടച്ചു തീർക്കുക:** ബിൽ തുക, വാർഷിക ഫീസ് എന്നിങ്ങനെയുള്ള അടവുകൾ പൂർണ്ണമായും തീർക്കുക. കസ്റ്റമർ കെയറുമായി ബന്ധപ്പെട്ട് അടവുകൾ ഒന്നും തന്നെ ഇല്ലായെന്ന് ഉറപ്പു വരുത്തുക.

## ക്രെഡിറ്റ് കാർഡ് ക്ലോസ് ചെയ്യേണ്ട വിധം

കാർഡ് ആപ്പിൽ നിന്നും കാർഡ് സേവനം അവസാനിപ്പിക്കാനുള്ള നിർദ്ദേശം നൽകാവുന്നതാണ്. എസ്ബിഐ ക്രെഡിറ്റ് കാർഡ് ആപ്പിൽ ക്ലോസ് ചെയ്യാനുള്ള സൗകര്യം ഉണ്ട്. കാർഡ് ആപ്പിൽ നിന്നും നിർദേശം നൽകിയാൽ, കസ്റ്റമർ കെയറിൽ നിന്നും വിളിക്കും. കസ്റ്റമർ കെയറിൽ വിളിച്ചും, കാർഡ് ക്ലോസ് ചെയ്യാനുള്ള നിർദേശം നൽകാവുന്നതാണ്.

കസ്റ്റമർ കെയർ വിഭാഗം കാർഡ് ക്ലോസ് ചെയ്യുന്നതിൽ നിന്നും പിന്തിരിപ്പിക്കാൻ ശ്രമിക്കും. വാർഷിക ഫീസിൽ നിന്നും ഒഴിവാകാനാണ് കാർഡ് ക്ലോസ് ചെയ്യുന്നതെങ്കിൽ ലൈഫ് ടൈം ഫ്രീ കാർഡ് ആക്കിത്തരാനുള്ള സാധ്യത ചോദിക്കുക. വാർഷിക ഫീസ് കുറവുള്ളതോ, ലൈഫ് ടൈം ഫ്രീ ആയ കാർഡിലേക്കോ അപ്ഗ്രേഡ് ചെയ്യാനുമുള്ള അവസരം ബാങ്കുകൾ നൽകും. ലൈഫ് ടൈം ഫ്രീ ആക്കിത്തരുകയാണെങ്കിൽ കാർഡ് ക്ലോസ് ചെയ്യാതിരിക്കുകയാണ് ഉചിതം. ഇതേ കാർഡുകൾക്ക് ഓഫറുകൾ വരുന്ന സമയത്തു ഉപയോഗിക്കാൻ സാധിക്കും.

എത്ര ദിവസം കൊണ്ട് കാർഡ് സേവനം അവസാനിക്കുമെന്ന് ചോദിച്ചു ഉറപ്പു വരുത്തണം. കാർഡ് ക്ലോസ് ആയത് ഉറപ്പാക്കാൻ ഇമെയിൽ, എസ്എംഎസ് സന്ദേശങ്ങൾ ലഭിക്കും, അവ സൂക്ഷിച്ചു വെക്കുക. ക്രെഡിറ്റ് കാർഡ് സേവനം അവസാനിപ്പിച്ചു കഴിഞ്ഞാൽ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ലഭിക്കും. ക്രെഡിറ്റ് കാർഡ് സേവനം അവസാനിപ്പിച്ചു എന്നതിനുള്ള ഔദ്യോഗിക രേഖയാണ്. 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' സർട്ടിഫിക്കറ്റ് ലഭിച്ചില്ലെങ്കിൽ ബാങ്കുമായി ബന്ധപ്പെടുക. സിബിൽ സ്കോർ പരിശോധിച്ചാൽ ക്രെഡിറ്റ് കാർഡ് സേവനം അവസാനിപ്പിച്ചു എന്നത് രേഖപ്പെടുത്തിയിരിക്കും. സിബിൽ സ്കോറിൽ ക്ലോസ് ചെയ്ത ക്രെഡിറ്റ് കാർഡ് കാർഡ് അക്കൗണ്ട് സംബന്ധിച്ചു രേഖപ്പെടുത്തിയിരിക്കുന്ന കാര്യത്തിൽ പരാതിയുണ്ടെങ്കിൽ, 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' ഒപ്പം വെച്ച് പരാതി കൊടുക്കാവുന്നതാണ്.

# സുരക്ഷിതമായ കാർഡ് ഉപയോഗം

ഇന്റർനെറ്റിന്റെ പ്രാചാരം കൂടിയപ്പോഴാണ് ഓൺലൈൻ ഇടപാടുകളുടെ എണ്ണം കൂടിയതും, ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം വർദ്ധിച്ചതും. ഇന്ത്യയിലെ ക്രെഡിറ്റ് കാർഡ് സുരക്ഷാ മാനദണ്ഡങ്ങൾ അന്താരാഷ്ട്ര തലത്തിലേക്കാൾ മികച്ചതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ചു ഇന്ത്യയിലെ ക്രെഡിറ്റ് കാർഡുകൾ അതീവ സുരക്ഷിതമായാണ് ലഭ്യമാക്കിയിരിക്കുന്നത്. താഴെ പറയുന്ന സുരക്ഷാ ക്രമീകരണങ്ങൾ ഇന്ത്യൻ ക്രെഡിറ്റ് കാർഡുകളിൽ ഉണ്ടാവും;

- മെറ്റാലിക് ചിപ്പ് ഘടിപ്പിച്ച കാർഡുകളാണ് ഇന്ത്യയിൽ ഉപയോഗിക്കുന്നത്. മുൻകാലങ്ങളിൽ മാഗ്നെറ്റിക് സ്ട്രിപ്പ് ആയിരിന്നു സുരക്ഷക്കായി ഉപയോഗിച്ചിരുന്നത്.
- പിൻ നമ്പർ ഉപയോഗിച്ച് കാർഡ് ഉപയോഗം പരിമിതപ്പെടുത്താം.
- സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചിരിക്കുന്ന പോസ് മെഷീനുകൾ.
- ഓരോ ക്രെഡിറ്റ് കാർഡ് ഇടപാട് നടത്തുമ്പോഴും എസ്എംഎസ്, ഇമെയിൽ സന്ദേശങ്ങൾ ലഭിക്കും.
- ഒടിപി (One Time Password) ഉപയോഗിച്ച് യഥാർത്ഥ കാർഡ് ഉടമ ആണെന്ന് ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ഇടപാടുകൾ നടപ്പിലാക്കൂ.
- റിസർവ് ബാങ്ക് ഓഫ് ഇന്ത്യ കാർഡ് വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് കാർഡ് ടോക്കണൈസേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ഷോപ്പിംഗ് സൈറ്റുകളിലും, മൊബൈൽ അപ്പുകളിലും കാർഡ് വിവരങ്ങൾ ശേഖരിക്കാതെ ഒരു ടോക്കൺ നമ്പറിലൂടെ ഇടപാടുകൾ നടത്താനാകും.

വിവിധ തലങ്ങളിൽ സുരക്ഷ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ആധികാരികത ഉറപ്പിച്ചതിനു ശേഷം മാത്രമേ ക്രെഡിറ്റ് കാർഡ് ഇടപാടുകൾ ഇന്ത്യയിൽ നടക്കുകയുള്ളു. ആയതിനാൽ, സുരക്ഷാ ക്രമീകരണങ്ങൾ മറികടന്നു തട്ടിപ്പുകൾ നടത്താൻ ബുദ്ധിമുട്ടാണ്. കാർഡ് ഉടമയുടെ ശ്രദ്ധക്കുറവ് മുതലെടുത്തു നടത്തുന്ന തട്ടിപ്പുകളാണ് അധികവും.

## ക്രെഡിറ്റ് കാർഡ് സുരക്ഷിതമാക്കാനുള്ള മുൻകരുതലുകൾ

താഴെ പറയുന്ന കരുതലുകൾ ക്രെഡിറ്റ് കാർഡ് സുരക്ഷിതമാക്കാൻ ഉപയോഗിക്കാം.

ഇടപാടുകൾ സുരക്ഷതമാക്കാൻ ക്രെഡിറ്റ് കാർഡിൽ ഉപയോഗിക്കുന്ന സിവിവി (Card Verification Value) നമ്പർ പരസ്യമാക്കാതെ സൂക്ഷിക്കുക.

ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകളിലും, അപ്പുകളിലും ഇടപാട് നടത്തിയ ശേഷം കാർഡ് വിവരങ്ങൾ സ്ഥിരമായി സൂക്ഷിക്കുന്നത് വിവര ചോർച്ചയ്ക്ക് കാരണമാകും. ഓൺലൈൻ സൈറ്റുകളും, ആപ്പുകളും സൈബർ ആക്രമണത്തിന് വിധേയമായാൽ ക്രെഡിറ്റ് കാർഡ് വിവരങ്ങൾ ചോരുകയും, ദുരുപയോഗം ചെയ്യാനും സാധ്യതയുണ്ട്. റിസർവ് ബാങ്ക് നിർദ്ദേശപ്രകാരമുള്ള കാർഡ് ടോക്കണൈസേഷൻ പ്രകാരം കാർഡ് വിവരങ്ങൾ സൂക്ഷിക്കാവുന്നതാണ്.

ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് വിദേശ വിനിമയം നടത്തുമ്പോൾ കരുതൽ സ്വീകരിക്കണം. വിശ്വാസ യോഗ്യമായ വെബ്സൈറ്റുകളിൽ മാത്രമേ ഇടപാടുകൾ നടത്താവൂ. വെബ്സൈറ്റ് മേൽവിലാസത്തിൽ https എന്ന ഭാഗം ഉണ്ടെങ്കിൽ വിവരങ്ങൾ എൻക്രിപ്റ്റ് ചെയ്ത ശേഷമാണ് കൈമാറുന്നതെന്ന് ഉറപ്പിക്കാം. വിദേശ വിനിമയം നടത്തുമ്പോൾ ഒടിപി ചോദിക്കണമെന്നില്ല. കൈമാറേണ്ട തുകയെത്രയെന്നു പരിശോധിച്ചു ഉറപ്പു വരുത്തിയ ശേഷമേ ഇടപാട് നടത്താവൂ.

ഇന്റർനെറ്റ് കഫേ, ഓഫീസ്, അപരിചിതരുടെ കമ്പ്യൂട്ടർ ഉപയോഗിച്ച് ക്രെഡിറ്റ് കാർഡ് ഇടപാടുകൾ കഴിവതും നടത്താതിരിക്കുക. സ്വന്തം കമ്പ്യൂട്ടർ ഉപയോഗിച്ച് മാത്രം കാർഡ് ഇടപാടുകൾ നടത്തുക. ആന്റി വൈറസ് സോഫ്റ്റ്‌വെയർ കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്യുക.

കോൺടാക്റ്റ്‌ലെസ്സ് കാർഡ് ഇടപാടുകൾ എളുപ്പവും സർവ്വ സാധാരണവുമാണ്. പിഒഎസ് മെഷിനിൽ കാർഡ് കടത്താതെ, ഒടിപി കൊടുക്കാതെ ഇടപാട് നടത്താൻ കോൺടാക്റ്റ്‌ലെസ്സ് കാർഡുകൾ ഉപയോഗിച്ച് സാധിക്കും. കോൺടാക്റ്റ്‌ലെസ്സ് രീതിയിൽ ഇടപാട് നടത്താവുന്ന തുക പരിമിതപ്പെടുത്തി (ഉദാ. 1000 രൂപ) സൂക്ഷിക്കുക. ക്രെഡിറ്റ് കാർഡ് വെബ്സൈറ്റ്, ആപ്പ് വഴി തുക പരിമിതപ്പെടുത്താൻ സാധിക്കും. ശ്രദ്ധക്കുറവ് മൂലം ഉയർന്ന തുക നഷ്ടപ്പെടാതിരിക്കാൻ ഈ രീതി സഹായിക്കും.

കാർഡ് വിവരങ്ങൾ അന്വേഷിച്ചു കൊണ്ടുള്ള ഫോൺ കോളുകൾ അറ്റൻഡ് ചെയ്യാതിരിക്കുക. തട്ടിപ്പ് ഫോൺ വിളികൾ തിരിച്ചറിയാൻ മികച്ച കോളർ ഐഡന്റിഫിക്കേഷൻ സർവീസ് (ഉദാ. ട്രൂ കോളർ) ഉപയോഗിക്കുക. കോളർ ഐഡന്റിഫിക്കേഷൻ സർവീസുകൾ തട്ടിപ്പു വിളികൾ വരുമ്പോൾ തന്നെ മുന്നറിയിപ്പ് നൽകും.

വിശ്വാസ യോഗ്യമായ മൊബൈൽ ആപ്പുകൾ ഉപയോഗിച്ച് ബില്ലുകൾ അടക്കുക. സുരക്ഷ കുറവായ ആപ്പുകൾ വഴി കാർഡ് വിവരങ്ങൾ ചോരാൻ സാധ്യതയുണ്ട്.

ക്രെഡിറ്റ് കാർഡ് കമ്പനി നൽകുന്ന ഔദ്യോഗിക ആപ്പ് ഫോണിൽ ഇൻസ്റ്റാൾ ചെയ്യുക. കാർഡ് പരിധി നിയന്ത്രിക്കാനും, കാർഡ് ബ്ലോക്ക് ചെയ്യാനുമുള്ള രീതികൾ പരിചയപ്പെട്ടു വെക്കുക. ആവശ്യം വേണ്ടി വന്നാൽ പരിഭ്രമിക്കാതെ കാർഡ് ബ്ലോക്ക് ചെയ്യാനും, പണം നഷ്ടപ്പെടുന്നത് തടയാനും സാധിക്കും.

ക്രെഡിറ്റ് കാർഡ് വിവരങ്ങൾ ചോർത്തി ദുരുപയോഗം ചെയ്യപ്പെട്ടാൽ ധനനഷ്ടവും, മാനസിക വിഷമവും ചിന്തിക്കാവുന്നതിലും അപ്പുറമാണ്. കൃത്യമായ അവബോധവും, ശ്രദ്ധയുമുണ്ടെങ്കിൽ ക്രെഡിറ്റ് കാർഡ് സുരക്ഷിതമായി ഉപയോഗിക്കാം.